കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

dokkd.ksad@kerala.gov.in

# കാരശ്ശേരി ഗ്രാമപഞ്ചായത്ത്

## 2018-19 വർഷത്തെ

## ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്

e-mail:dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി/പി.1/264/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഫോൺ-0495 2371012
ഇ-മെയിൽ:dokkd.ksad@kerala.gov.in
തീയ്യതി:10.03.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)
കാരശ്ശേരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കാരശ്ശേരി ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാരശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം ഒന്നിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

**ഡപ്യൂട്ടി ഡയറക്ടർ**

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി/പി.1/264 /2020 തീയ്യതി:10.03.2020

**കോഴിക്കോട് ജില്ലയിലെ കാരശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കാരശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ പരിശോധനാവിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.4.2018 മുതൽ 06.02.2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. 20 ഓഡിറ്റ് എൻക്വയറികൾ നൽകിയതിൽ അഞ്ചെണ്ണത്തിന് മറുപടി ലഭിച്ചു. ലഭ്യമായ മറുപടി പരിഗണിച്ച ശേഷം നില നിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ/ രേഖകൾ/ വിവരങ്ങൾ/വിശദീകരണം എന്നിവയുടെ അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെഅടിസ്ഥാനത്തിൽ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയ വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെയോ വിവരത്തിന്റെയോ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി പിന്നീട് കണ്ടെത്തുന്ന അപാകതകളുടെ കാര്യത്തിലും ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

| (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.എം.വാസുദേവൻ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 07.2.2020 മുതൽ 15.2.2020വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. ജിഷ സാമുവൽ,<br>അസി. ഓഡിറ്റ് ഓഫീസർ(07-02-2020 ) |
| | ശ്രീ.രാംദാസ്.എം,സീനി. ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ഡാനിഷ്.എ.ഇസെഡ്,ഓഡിറ്റർ |
| | ശ്രീ.അഫ്സൽ.ടി.എം, ഓഡിറ്റർ |
| | ശ്രീ കെ പി ഹരി, ഓഡിറ്റ് ഓഫീസർ(ഹ ഗ്രേ) |
| | ശ്രീ ഗിരീശൻ പാറപ്പൊയിൽ, ഓഡിറ്റ് ഓഫീസർ(ഹ ഗ്രേ)<br>24-02-2020 മുതൽ 27-02-2020 വരെ |

**നിർവ്വഹണാധികാരികൾ**

പ്രസിഡണ്ട് - ശ്രീ. വി. കെ. വിനോദ് - 1.4.2018 മുതൽ 31.3.2019 വരെ

**സെക്രട്ടറി**

ശ്രീ. സി. ഇ. സുരേഷ് ബാബു - 1.4.2018 മുതൽ 25.05.2018 വരെ
ശ്രീ. സന്തോഷ്.സി – 25.5.2018 മുതൽ 21.06.2018 വരെ
ശ്രീ. സുധീർ.കെ - 26.06.2018 മുതൽ 06.08.2018 വരെ
ശ്രീ. മുഹമ്മദ് അഷ്റഫ്.വൈ.പി - 06.08.2018 മുതൽ 31.03.2019 വരെ

**മറ്റ് നിർവ്വഹണോദ്യോഗസ്ഥർ**

| നിർവഹണോദ്യോഗസ്ഥർ | ഉദ്യോഗപ്പേര് | കാലയളവ് |
|---|---|---|
| ശ്രീമതി. എൻ. ഭുവനേശ്വരി | അസിസ്റ്റന്റ് സെക്രട്ടറി | 1.4.2018 മുതൽ 11.10.2018 വരെ |
| ശ്രീ.ജോഷി ജോസ് | അസിസ്റ്റന്റ് സെക്രട്ടറി | 11.10.2018 മുതൽ 31.3.2019 വരെ |
| ശ്രീ. സി. എച്ച്. മുസ്തഫ | അസിസ്റ്റന്റ് എഞ്ചിനീയർ | 01.04.2018 മുതൽ 12.04.2018 വരെ |
| ശ്രീമതി.ബിസിനി.എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 13.04.2018 മുതൽ 19.06.2018 വരെ |
| ശ്രീ.സുബീഷ്.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 20.06.2018 മുതൽ 12.09.2018 |
| ശ്രീമതി.ഗോപികമോഹൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 12.09.2018 മുതൽ 31.03.2019 |
| ശ്രീ. മുജീബ് റഹ്മാൻ | വെറ്ററിനറി സർജൻ | 1.4.2018 മുതൽ 04.3.2019 വരെ |
| ഡോ. എൻ. മനലാൽ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 1.4.2018മുതൽ 31.3.2019 വരെ |
| ഡോ. വി. പി. ഗീത | മെഡിക്കൽ ഓഫീസർ, ആയുർവേദം | 1.4.2018 മുതൽ 18.7.2018 വരെ |
| ഡോ.സത്യവതി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 19.07.2018 മുതൽ 31.03.2019 |
| ഡോ. കെ. അഭയദേവ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 1.4.2018 മുതൽ 31.3.2019 വരെ |
| ശ്രീ. എൻ. ലിനീഷ് | വി.ഇ.ഒ | 1.4.2018 മുതൽ 31.3.2019 വരെ |
| ശ്രീ.ഭൃപേഷ് | വി.ഇ.ഒ | 1.4.2018 മുതൽ 31.3.2019 വരെ |

| | | |
|---|---|---|
| ശ്രീമതി. റിസ്വാന.ബി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 1.4.2018 മുതൽ 14.11.2018 വരെ |
| ശ്രീമതി.അഞ്ജുആനന്ദ് | | 09.10.2018 മുതൽ 01.2.2019 വരെ |
| ശ്രീമതി.വിജില | | 02.02.2019മുതൽ 31.3.2019 വരെ |
| ശ്രീമതി. സി. വി. ശുഭ | കൃഷി ഓഫീസർ | 1.4.2018 മുതൽ 31.3.2019 വരെ |
| ശ്രീമതി. റുമൈസ | ഡയറി ഫാം ഇൻസ്ട്രക്ടർ | 1.4.2018 മുതൽ 31.3.2019 വരെ |
| ശ്രീ.വൽസപ്രസാദ് | ഹെഡ്മാസ്റ്റർ | 01.04.2018 മുതൽ 31.3.2019 വരെ |

**ഉള്ളടക്കം**


| | | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | ഫണ്ട് വിനിയോഗം | 1-2 |
| 3 | പദ്ധതി അവലോകനം | 1-3 |
| 4 | ക്യാഷ് പരിശോധന | 1-4 |
| 5 | ആഭ്യന്തര നിയന്ത്രണം | 1-5 |
| 6 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-6 |
| 7 | വാർഷിക കണക്കിലെ അപാകതകൾ | 1-7 |
| 8 | തൊഴിൽ നികുതി അപാകതകൾ | 1-8 |
| 9 | 15 ച.മീ.യിൽ കുറവുള്ള പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ – ഉപയോഗതരം പുനഃപരിശോധനയ്ക്ക് വിധേയമാക്കണം. | 1-9 |
| 10 | പകൽ വീട് – പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. | 1-10 |
| 11 | ബൊലേറോ ജീപ്പ് ഉപയോഗപ്പെടുത്തുന്നില്ല. | 1-11 |
| 12 | പ്രവൃത്തിക്ക് കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരനെ പരിഗണിച്ചില്ല. | 1-12 |
| 13 | ബിൽ തുക നൽകുന്നതിൽ കാലതാമസം | 1-13 |
| 14 | റോഡ് പ്രവൃത്തികൾ മോർഡ് സ്പെസിഫിക്കേഷനിൽ – ഓവർഹെഡ്സ് ചാർജ്ജ് | 1-14 |

| | | |
|---|---|---|
| | നൽകുന്നത് അനർഹമായ നിരക്കിൽ | |
| 15 | മരാമത്ത് പ്രവൃത്തികൾക്ക് കരാർ വെയ്ക്കുന്നത് – നിബന്ധനകൾ കാലഹരണപ്പെട്ടത് | 1-15 |
| 16 | കോസ്റ്റ് ഇൻഡെക്സിൽ വന്ന മാറ്റം എസ്റ്റിമേറ്റിൽ പ്രതിഫലിച്ചില്ല – പഞ്ചായത്ത് ഫണ്ടിന് നഷ്ടം | 1-16 |
| 17 | പത്രപരസ്യങ്ങൾ- പരസ്യ ചാർജ്ജിൽ അർഹമായ ഇളവ് പ്രയോജനപ്പെടുത്തിയില്ല. | 1-17 |
| 18 | പാലിയേറ്റീവ് പരിചരണം – മരുന്നുകൾ ലഭിച്ചില്ല | 1-18 |
| 19 | അഗതി ആശ്രയ – ചെലവഴിക്കാത്ത വികസനഫണ്ട് ബേങ്കിൽ സൂക്ഷിക്കുന്നു | 1-19 |
| 20 | ചെണ്ടയും ഇലത്താളവും വാങ്ങലിന്റെ നിജസ്ഥിതി ഉറപ്പു വരുത്താനായിട്ടില്ല. | 1-20 |
| 21 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച തുക ചെലവഴിച്ചില്ല. | 1-21 |
| 22 | സ്ട്രീറ്റ് ടാപ്പ് രജിസ്റ്റർ, സംയുക്ത പരിശോധന റിപ്പോർട്ട് എന്നിവ ഹാജരാക്കിയില്ല. | 1-22 |
| 23 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യക്കുറവ് – പരിഹാര നടപടികൾ സ്വീകരിക്കുന്നില്ല. | 1-23 |
| 24 | കാന്റീൽ – ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് – ആവശ്യമായ ഫണ്ട് വകയിരുത്തിയില്ല. | 1-24 |
| 25 | സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ, സംയുക്ത പരിശോധന റിപ്പോർട്ട് എന്നിവ ഹാജരാക്കിയില്ല. | 1-25 |
| 26 | ഹരിത കേരളം – പദ്ധതി അവലോകനം | 1-26 |
| 27 | ലൈഫ് ഭവനപദ്ധതി – പട്ടികജാതി – നിർമ്മാണം പൂർത്തിയാവാത്തത് സംബന്ധിച്ച് | 1-27 |
| 28 | ആയുർയോഗ – വനിതകൾക്ക് യോഗ പരിശീലനം – രേഖകൾ ഹാജരാക്കുന്നത് സംബന്ധിച്ച്. | 1-28 |
| 29 | പകൽ വീട് – പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. | 3-1 |
| 30 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 31 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 32 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 34 | സ്ഥിരനിക്ഷേപം | 4-5 |
| 35 | ഓഡിറ്റ് റിക്കവറി | 4-6 |
| 36 | വായ്പ/വായ്പാതിരിച്ചടവ് | 4-7 |

| | | |
|---|---|---|
| 37 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 38 | ചാർജ് സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-9 |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ ഖണ്ഡികകൾ | 4-11 |
| 41 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |


## ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2018-19 ലെ ബജറ്റ് 28-03-2018 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 21603833 | 21603833 | 19426927 | 2176906 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 7701000 | 7701000 | 6976097 | 724903 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 1346000 | 1346000 | 816000 | 53000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 24565000 | 24565000 | 15685943 | 8879057 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 4409000 | 4409000 | 2745317 | 1663683 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 8803000 | 8803000 | 3805198 | 4997802 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 32848060 | 32848060 | 32848060 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 21716 | 1000649 | 1022365 | 1000060 | 22305 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 1100000 | 2312676 | 3412676 | 1304476 | 1775914 |
| | ജില്ലാ പഞ്ചായത്ത് | 2200000 | 3768904 | 5968904 | 1026736 | 4942168 |

എം.ജി.എൻ.ആർ.ഇ.ജി.എസ്, ജോയിന്റ് വെഞ്ചർ അക്കൗണ്ട് എന്നിവ ഒഴികെയുള്ള ഫണ്ടുകളിലെ നീക്കിയിരിപ്പ് വർഷാവസാനം ലാപ്സായിട്ടുണ്ട്.

## 1-3 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | ആകെ അടങ്കൽ | ആകെ ചെലവ് | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 289 | 109 | 55 | 125 | 126579744 | 58494705 | 57 |

സെക്രട്ടറിയുടെ 170 പദ്ധതികളിൽ 58 എണ്ണമാണ് നടപ്പിലാക്കിയത്. മറ്റ് നിർവ്വഹണോദ്യോഗസ്ഥൻമാരുടെ പ്രൊജക്ടുകൾ ഏറെയും നടപ്പിലാക്കിയിട്ടുണ്ട്.

## 1-4 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.02.2020 ന് സ്ഥാപനതലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 32138/- രൂപയുടെ ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു

## 1-5 ആഭ്യന്തര നിയന്ത്രണം

ഏതൊരു സ്ഥാപനത്തിന്റെയും ഭരണപരമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അനിവാര്യമാണ്. ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്

ചെക്ക്&ഡ്രാഫ്റ്റ് രജിസ്റ്റർ, ഡി.സി.ബി.ഇനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ, അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ട്. പ്രതിമാസ വരവുചെലവു കണക്കുകൾ തൊട്ടടുത്ത മാസം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. പ്രൊഫഷൻ ടാക്സ് (ട്രേഡേഴ്സ്) ന് പ്രത്യേകം രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ട്. വാടക രജിസ്റ്റർ സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

## 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12/02/2019 | 01/19 | കിട്ടിയിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04-05-2018 | 2013-14 മുതൽ 2017-18 വരെ | LBA.(H2)111/11/18A-38 /2018-19/84 dt 18/06/2018 |

## 1-7 വാർഷിക കണക്കുകളിലെ അപാകതകൾ

കാരശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1. വാർഷിക കണക്കിനോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

## 1-8 തൊഴിൽനികുതി അപാകതകൾ

തൊഴിൽനികുതി ഡിമാൻഡ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. ഐ.എച്ച്.ആർ.ഡി.ക്ക് കീഴിൽ പ്രവർത്തിക്കുന്ന കോളേജ് ഓഫ് അപ്ലൈഡ് സയൻസ്,തിരുവമ്പാടി എന്ന സ്ഥാപനം (01.10.2018, 01.03.2019 എന്നീ തീയ്യതികളിലായി ഇ/431/2010/സി.എ.എസ്.ടി നമ്പർ കത്ത്/റിട്ടേൺ) പ്രിൻസിപ്പൽ(1), ഹെഡ്ക്ലാർക്ക്(1) ലാസ്റ്റ് ഗ്രേഡ് സെർവെന്റ്സ്(2) എന്നീ 4 ജീവനക്കാരുടെ തൊഴിൽ നികുതി 1250/- രൂപ വീതം ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ അടവാക്കിയിട്ടുണ്ട്.എന്നാൽ അധ്യാപകരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. ഇതേ സ്ഥാപനത്തിലെ 2019-20ലെ ഒന്നാം അർദ്ധവർഷത്തെ തൊഴിൽനികുതി റിട്ടേൺ പരിശോധിച്ചതിൽ മേൽ ജീവനക്കാരുൾപ്പടെ 28 ജീവനക്കാരിൽ നിന്നും ആകെ 19380/- രൂപ ഈടാക്കിയിട്ടുണ്ട്. 2018-19 ൽ അധ്യാപകരുടെ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കാത്ത വിവരം ശ്രദ്ധയിൽപെടുത്തുന്നു.

2. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഡോക്ടർമാർ, അഭിഭാഷകർ, കോൺട്രാക്ടർമാർ, ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.

മേൽ അപാകതയ്ക്ക് മറുപടി ആവശ്യപെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 06/18-19 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-9 15 ച.മി യിൽ കുറവുള്ള പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ ഉപയോഗതരം പുനഃപരിശോധനയ്ക്ക് വിധേയമാക്കണം.

സഞ്ചയയിൽ കെട്ടിടങ്ങളുടെ അസസ്മെന്റ് (ഫോറം 6) , പരിശോധിച്ചപ്പോൾ 15 ച.മി വരെ വിസ്തൃതിയുള്ള പാർപ്പിടാവശ്യങ്ങൾക്കുള്ള 106കെട്ടിടങ്ങൾ ഉള്ളതായി കണ്ടെത്തി. ഇതിൽ നിരവധി കെട്ടിടങ്ങൾക്ക് നികുതി ഈടാക്കുന്നുണ്ട്.

ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നമ്പർ | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | ഉടമസ്ഥന്റെ പേര് | ഈടാക്കുന്ന നികുതി |
|---|---|---|---|---|
| 1 | 3/194 | 10 | ഡോ.മുഹമ്മദ് ഷാഫി, തറയിട്ട കാഞ്ഞിരത്തിങ്ങൽ, മുക്കം, ചേന്ദമംഗലൂർ,,, | 137 |
| | 3/195 | 10 | | 137 |
| | 3/196 | 10 | | 137 |
| | 3/197 | 10 | | 137 |
| | 3/198 | 10 | | 137 |
| | 3/199 | 10 | | 137 |

| | | | | |
|---|---|---|---|---|
| 2 | 6/369 B | 9.72 | ജിത്തു ജോസഫ്, പ്ലാപള്ളി, തേക്കുംകുറ്റി, അള്ളി, 673602 | 32 |
| 3 | 7/103 | 10 | സദാശിവൻ, ഒതയമംഗലത്ത്, തോട്ടക്കാട്, അള്ളി, 673602 | 32 |
| | 7/104 | 10 | | 32 |
| | 7/105 | 10 | | 32 |
| | 7/106 | 10 | | 32 |
| | 7/107 | 10 | | 32 |
| 4 | 15/571 | 12 | അബ്ദുറഹിമാൻ, ഇല്ലക്കണ്ടി, കാരശ്ശേരി, 673602,, | 184 |
| 5 | 16/48 A (UA) | 10.25 | അമ്പിളി, പാലകുന്നമ്മൽ, കാരശ്ശേരി, കാരശ്ശേരി, 673602, | 0 |
| 6 | 17/362 | 14 | മുഹമ്മദ്ഷരീഫ്, മാടാമ്പുറത്ത്, കാരശ്ശേരി,673602,, | 681 |
| | 17/363 | 13 | | 681 |
| | 17/364 | 13.5 | | 681 |

15 ച.മീ. വരെ വിസ്തൃതിയുള്ള കെട്ടിടങ്ങൾ പാർപ്പിടാവശ്യത്തിനുള്ളതാവാൻ സാധ്യത കുറവാണ്, ഈ കെട്ടിടങ്ങളുടെയെല്ലാം തൊട്ടടുത്തുള്ള കെട്ടിടങ്ങൾ വാണിജ്യ കെട്ടിടങ്ങളാണെന്ന് സഞ്ചയ പരിശോധനയിൽ കാണുന്നു. ആയതിനാൽ തന്നെ ഇത്തരത്തിലുള്ള മുഴുവൻ കെട്ടിടങ്ങളുടെയും ഉപയോഗ ക്രമം പരിശോധിക്കേണ്ടതും, ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-10 പകൽ വീട്-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

കാരശ്ശേരി ഗ്രാമപഞ്ചായത്തിലെ വയോജനങ്ങൾക്ക് പകൽസമയത്ത് ഒത്തു കൂടുവാനും ഉല്ലസിക്കുവാനും ഒരു കേന്ദ്രം സ്ഥാപിച്ച് അത് വഴി ഇവരുടെ സാമൂഹികമായ ഒറ്റപ്പെടൽ ലഘൂകരിക്കുകയും മാനസികആരോഗ്യം മെച്ചപ്പെടുത്തുകയുമാണ് പദ്ധതി ലക്ഷ്യം. ഇവർക്ക് ഒന്നിച്ചിരുന്ന് കഥകൾ പറയാനും എഴുതാനും കളിക്കാനും വായിക്കാനും സൗകര്യങ്ങൾ ഒരുക്കുകയും പദ്ധതി പ്രവർത്തനത്തിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

വിവിധ പ്രൊജക്ടുകളിലായി മെഡിക്കൽ ഓഫീസർ മേൽ പദ്ധതിക്കായി 31.03.19 വരെ ചെലവഴിച്ച തുകയുടെ

വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | പേരും നമ്പറും | വകയിരുത്തിയതുക | ചെലവ് | റിമാർക്സ് |
|---|---|---|---|---|
| 1 | പകൽ വീട് S/O 238/19 | 580,000/- വി.ഫണ്ട് | 453540/-(Bill 98700/22.03.19) | ജിം ഉപകരണങ്ങൾ |
| 2 | പകൽ വീട് 94/19 | 2,00,000/-വി.ഫണ്ട് 1,00,000/-തനത് | 1,00,000/-(Bill 2438/15.10.18) 60,000/-(Bill 8492/11.01.19) 4826/-(Bill 8888/25.2.19) | വാടക കളിയുപകരണങ്ങൾ |
| 3 | പകൽ വീട് 391/19 | 1,10,000/-വി.ഫണ്ട് | 1,10,000/-( Bill7450/29.03.19) | ജീവനക്കാർക്കുള്ള വേതനം,വാടക |
| | | ആകെ | 7,28,366/- | |

നെല്ലിക്കാപറമ്പിൽ ശ്രീ ഗോശാലക്കൽ അബ്ദുൾഅക്ബർ എന്നവരുടെ ഉടമസ്ഥതയിലുള്ള KP/13/264 നമ്പർ വീട്ടിൽ , പ്രതിമാസം 20000/-വാടകക്ക് പ്രവർത്തിക്കുന്ന ലജന്റ് ക്ലബ്ബ് എന്ന പകൽവീട്ടിൽ ഒരു കെയർടേക്കറും ഒരു ശുചീകരണതൊഴിലാളിയുമുൾപ്പെടെ രണ്ട് ജീവനക്കാരാണുള്ളത്. വാടകയും ജീവനക്കാരുടെ ഓണറേറിയവമുൾപ്പെടെ പ്രതിമാസം 35,000/-രൂപ പദ്ധതിയ്ക്ക് ചെലവ് വരുന്നുണ്ട്.

ക്രമനമ്പർ ഒന്നിലെ പ്രൊജക്ട് പ്രകാരം വാങ്ങിയ 453540/-രൂപയുടെ 25ഇനം ജിം ഉപകരണങ്ങളിൽ പ്രധാനപ്പെട്ടവയുടെ വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഇനം | വില |
|---|---|---|
| 1 | PBL.TREADMILL 175 | 95570/- |
| 2 | ELLIPTICAL-SCHWIN 430 | 83000/- |
| 3 | UPRIGHT CYCLE SCHWINN 130 | 48988/- |
| 4 | RECUMBENT BIKE SCHWIN 230 | 65370/- |
| 5 | PBL MULTY GYM 846 | 91900/- |

12.02.2020ന് അസി. സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ സ്ഥാപനം മുൻഭാഗത്തു നിന്നും അടച്ച നിലയിലായിരുന്നു. ജീവനക്കാരോ ഗുണഭോക്താക്കളോ ഉണ്ടായിരുന്നില്ല. എന്നാൽ അകത്ത് ഗുണഭോക്താക്കളല്ലാത്ത രണ്ട് സ്ത്രീകൾ ട്രെഡ് മിൽ ഉപയോഗിച്ച് വ്യായാമം നടത്തുന്നുണ്ടായിരുന്നു. ജിം ഉപകരണങ്ങളിൽ പലതും ഉപയോഗിക്കാതെ വീടിന്റെ പല ഭാഗത്തും സൂക്ഷിച്ചിരിക്കുകയാണ്. ചെറിയ

മുറികളോടുകൂടിയ വീടിന്റെ ഒന്നാം നില പൂർണ്ണമായും ഒഴിച്ചിട്ടിരിക്കുകയാണെന്ന് കണ്ടു.

പ്രൊജക്ട് ഫയൽ, മറ്റുരേഖകൾ,12.02.2020 ലെ സ്ഥലപരിശോധന എന്നിവയിൽ നിന്നും പദ്ധതി ആസൂത്രണത്തിലും നടത്തിപ്പിലും ചില അപാകതകൾ സംഭവിച്ചതായി കാണുന്നു.

1. പദ്ധതി ആസൂത്രണത്തിനു മുമ്പെ ഗുണഭോക്താക്കളുടെ വിവരം ശേഖരിച്ചില്ല.
2. ജിം ഉപകരണങ്ങൾ വാങ്ങുന്നതിന് മുമ്പെ ഗുണഭോക്താക്കൾ ഉൾപ്പെടെ പദ്ധതിയുമായി ബന്ധപ്പെട്ടവരുടെ യോഗം ചേർന്ന് സാധനങ്ങളുടെ ആവശ്യകതാ നിർണ്ണയം നടത്തിയില്ല.
3. സാമൂഹ്യനീതി വർക്കിംഗ് ഗ്രൂപ്പ് യോഗം ജിം ഉപകരണങ്ങൾ വാങ്ങുന്നതിന് ശുപാർശചെയ്തതായി കാണുന്നില്ല.
4. പകൽവീടിന്റെ നടത്തിപ്പിനായി സമയക്രമം,നിയമാവലി എന്നിവ തയ്യാറാക്കിയിട്ടില്ല.
5. പകൽവീടിനായി തെരെഞ്ഞെടുത്ത സ്ഥലം മേൽ കാണിച്ച ഉപകരണങ്ങൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിന് അനുയോജ്യമാണോ എന്നു പരിശോധിച്ചില്ല.
6. വാങ്ങിയ ഉപകരണങ്ങളിൽ ഭൂരിഭാഗവും ഉപയോഗപ്പെടുത്തിയിട്ടില്ല.
7. പദ്ധതിയുടെ ഗുണഭോക്താക്കളല്ലാത്തവരാണ് നിലവിൽ സാധനങ്ങൾ ഉപയോഗിക്കുന്നത്.
8. വാടകക്കെടുത്ത വീടിന്റെ ഒന്നാം നില ഉപയോഗിക്കാതെയാണ് വാടക നൽകിവരുന്നത്.
9. പകൽവീട്ടിൽ സന്ദർശകരായ ഗുണഭോക്താക്കളുടെ എണ്ണം വളരെ കുറഞ്ഞ തോതിലാണ്.(രജിസ്റ്റർ പ്രകാരം)
10. 14.02.2018ലെ കൈ. 22/2018 നമ്പർ സർക്കാർ ഉത്തരവു ഖണ്ഡിക 7.1.13പ്രകാരം പകൽവീട്ടിൽ നിയമിക്കുന്ന ജീവനക്കാർക്ക് 7000/-രൂപയിൽ അധികരിക്കാതെയാണ് വേതനം നൽകേണ്ടത്. എന്നാൽ കെയർടേക്കർക്ക് പ്രതിമാസം 8000/-രൂപ നൽകി വരുന്നു.

അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 14/15.02.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി ആസൂത്രണത്തിലും നടത്തിപ്പിലും വന്ന അപാകതയാണ് പ്രൊജക്ട് ലക്ഷ്യം കൈവരിക്കാത്തതിന് കാരണം. വാങ്ങിയ ഉപകരണങ്ങൾ പൂർണ്ണമായും ഉപയോഗപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതും പകൽവീടിന്റെ പ്രവർത്തനം ഊർജ്ജിതമാക്കേണ്ടതുമാണ്. സ്ഥാപനത്തിന്റെ പ്രവർത്തന സമയവും കെയർ ടേക്കർ, ശുചീകരണ തൊഴിലാളി എന്നിവരുടെ പ്രവൃത്തി സമയവും നിശ്ചയിച്ച് കൊടുക്കേണ്ടതും അത് പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കെയർടേക്കർക്ക് അധികതുക നൽകിയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല.

കെയർടേക്കർക്ക് 31.03.2019 വരെ അധികം നൽകിയ 3000/-രൂപ തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കേണ്ടതാണ്. അതിനുശേഷം അധികതുക നൽകിയിട്ടുണ്ടെങ്കിൽ തിരിച്ചുപിടിക്കേണ്ടതും തുടർന്ന് മാർഗ്ഗരേഖപ്രകാരമുള്ള വേതനം മാത്രം നൽകേണ്ടതുമാണ്. മറുപടിയുടെ അഭാവത്തിൽ ചെലവുതുക 725366/-തടസ്സത്തിൽ വെക്കുന്നു.

## 1-11 ബൊലേറോ ജീപ്പ് ഉപയോഗപ്പെടുത്തുന്നില്ല

12.02.2020ന് നടത്തിയ സ്ഥലപരിശോധനയിൽ പഞ്ചായത്തുവക KL57/2880 നമ്പർ ബൊലേറോ ജീപ്പ് ഉപയോഗപ്പെടുത്താതെ ലജന്റ്സ് ക്ലബ്ബിൽ നിർത്തിയിട്ടതായി കണ്ടു. പ്രസ്തുത വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. വാഹനം റിപ്പേർ ചെയ്ത് ഉപയോഗപ്പെടുത്തുകയോ പൊതുമരാമത്ത് മെക്കാനിക്കൽ വിഭാഗത്തിന്റെ ഉപദേശാനുസരണം കൈയൊഴിയുന്നതിനോ നടപടി സ്വീകരിക്കേണ്ടതും വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 12/15.02.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് നിർദ്ദേശം പാലിക്കേണ്ടതാണ്.

## 1-12 പ്രവൃത്തിക്ക് കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരനെ പരിഗണിച്ചില്ല

നിർവ്വഹണം -അസി.എഞ്ചിനീയർ

1) പ്രൊജക്ട് -255/19-കുവ്വപ്പാറ റോഡ്

എസ്റ്റിമേറ്റ് തുക -1ലക്ഷം രൂപ

ആകെ പ്രവൃത്തിമൂല്യം -95895/-ബിൽ നം1411619/22.3.19

2016-17 വർഷത്തിൽ അംഗീകാരം വാങ്ങിയ മേൽ പ്രവൃത്തിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

എ) ഏകവർഷ പ്രൊജക്ടായി അംഗീകാരം വാങ്ങിയ പ്രവൃത്തി 2017 മാർച്ച് മാസത്തിൽ പൂർത്തീകരിക്കുമെന്ന്പ്രൊജക്ടിൽ വ്യക്തമാക്കിയിരുന്നു. എന്നാൽ 6.02.17 ന് കരാർ വച്ച പ്രവൃത്തിയുടെ അവസാന അളവ് രേഖപ്പെടുത്തിരിക്കുന്നത് 6.3.19 നാണ്. അതായത് കരാർ വച്ച് 2 വർഷത്തിലധികം കാലം കഴിഞ്ഞാണ് പ്രവൃത്തി പൂർത്തീകരിച്ചതെന്നു കാണാം. കാലതാമസിനുള്ള കാരണം വ്യക്തമാക്കുകയോ ,ആവശ്യമായ പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല . അപാകതയ്ക്ക് വിശദീകരണം നല്കേണ്ടതാണ്.

ബി) പ്രവൃത്തിക്ക് ടെണ്ടർ ക്ഷണിച്ചതിൽ ശ്രീകെ പി നാരായണൻ, ശ്രീ നൗഫൽടി കെ എന്നിവർ ടെണ്ടർ സമർപ്പിച്ചിട്ടുണ്ട്. ശ്രീ നാരായണൻ എസ്റ്റിമേറ്റ് നിരക്ക് ക്വോട്ട് ചെയ്തപ്പോൾ ശ്രീ നൗഫൽ എസ്റ്റിമേറ്റിനേക്കാൾ 14% കുറഞ്ഞ നിരക്ക് എന്ന് അക്ഷരത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അക്കത്തിൽ രേഖപ്പെടുത്തേണ്ടിടത്ത് മറ്റൊരു കൈയ്യെഴുത്തിലും മഷിയിലും വെട്ടിത്തിരുത്തലുകൾ വരുത്തുകയും 5% കൂടുതൽ എന്ന് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ ടെണ്ടർ ഓപ്പൺ ചെയ്ത അസി.എഞ്ചിനീയർ എസ്റ്റിമേറ്റിനേക്കാൾ 5% കുറഞ്ഞ നിരക്ക് എന്ന് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ പ്രവൃത്തി നല്കിയിരിക്കുന്നത് എസ്റ്റിമേറ്റ് നിരക്ക് ക്വോട്ട് ചെയ്ത ശ്രീ നാരായണനാണ് . ടെണ്ടർ തുറക്കുന്നതിലും കൈകാര്യം ചെയ്യുന്നതിലുമുള്ള സുതാര്യതയില്ലായ്മ മേൽ പ്രവൃത്തിയുടെ ടെണ്ടർ നടപടിക്രമങ്ങൾ വ്യക്തമാക്കുന്നുണ്ട്. ഇക്കാര്യത്തിൽ വിശദീകരണം നല്കേണ്ടതാണ്.

## 1-13 ബിൽ തുക നല്കുന്നതിൽ കാലതാമസം

നിർവ്വഹണം -അസി. എഞ്ചിനീയർ

പ്രൊജക്ട് -338/19-ഉുങ്ങലിൽ കുഴിക്കണ്ടം കുവ്വപ്പാറ റോഡ്

പാർട്ട് ബിൽ തുക-213976/- രൂപ

2015-16 വർഷത്തിൽ 346/16 നമ്പർ പ്രൊജക്ടായി വിഭാവനം ചെയ്ത മേൽ പ്രവൃത്തിക്ക് 4.12.2015തീയതിയിൽ ശ്രീ എൻ കെ രഘുപ്രസാദ് എന്ന കരാറുകാരൻ എസ്റ്റിമേറ്റ് നിരക്കിൽ കരാർ വച്ചിട്ടുണ്ട്. അളവുപുസ്തകം പ്രകാരം 27.2.17 ന് പ്രവൃത്തിയുടെ ഭാഗിക അളവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ അളവുപ്രകാരമുള്ള മൂല്യ നിർണ്ണയതുകയായ 213976/- രൂപ നല്കിയിരിക്കുന്നത് മേൽ ബിൽ പ്രകാരം ഓഡിറ്റ് വർഷത്തിലാണ് . അളവ് രേഖപ്പെടുത്തി മൂല്യനിർണ്ണയം നടത്തിയ പ്രവൃത്തിയുടെ തുക നല്കുന്നതിന് രണ്ടുവർഷത്തോളമെടുത്തതിന് വിശദീകരണം നല്കേണ്ടതാണ്. കൂടാതെ പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ലെന്ന് തുടർ അളവുകൾ രേഖപ്പെടുത്താത്തതിൽ നിന്നും വ്യക്തമാകുന്നു. ഇക്കാര്യത്തിലും വിശദീകരണം നല്കേണ്ടതാണ്.

## 1-14 റോഡ് പ്രവൃത്തികൾ മോർഡ് സ്പെസിഫിക്കേഷനിൽ - ഓവർഹെഡ്സ് ചാർജ്ജ് നല്കുന്നത് അനർഹമായ നിരക്കിൽ

സ്ഥാപനത്തിൽ റോഡ് പ്രവൃത്തികൾ നിർവ്വഹിക്കുന്നത് മോർഡ് സ്പെസിഫിക്കേഷനിലാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE LSGD എന്ന വെബ് സൈറ്റ് മുഖേനയാണ്. മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനങ്ങളുടെ ഡാറ്റാ പരിശോധിച്ചതിൽ എല്ലാ ഇനങ്ങൾക്കും നിരക്കുകൾ കണക്കാക്കിയത് 10% ഓവർഹെഡ്സ്ചാർജ്ജും 10% കോൺട്രാക്ടറുടെ ലാഭവും ഉൾപ്പെടുത്തിയാണെന്ന്

വ്യക്തമായിട്ടുണ്ട്. മോർഡ് സ്പെസിഫിക്കേഷനെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ സ്റ്റാൻഡേർഡ് ഡാറ്റാ ബുക്ക് പ്രകാരമുള്ള ഡാറ്റായെ അടിസ്ഥാനപ്പെടുത്തിയാണ് PRICE LSGD യിൽ മോർഡ് പ്രകാരമുള്ള ഇനങ്ങളുടെ നിരക്ക് കണക്കാക്കിയത് . മോർഡ് പ്രകാരമുള്ള സ്റ്റാൻഡേർഡ് ഡാറ്റാ ബുക്കിൽ വിവിധ ഇനങ്ങളുടെ നിരക്കുകളിൽ 10% ഓവർഹെഡ്സ്ചാർജ്ജ് ഉൾപ്പെടുത്തിയതിന്റെ സാഹചര്യം ആദ്യ ഭാഗത്ത് തന്നെ വ്യക്തമാക്കുന്നുണ്ട്. സ്റ്റാൻഡേർഡ് ഡാറ്റാ ബുക്ക് തയ്യാറാക്കുന്നതിന് അടിസ്ഥാനമാക്കിയ അടിസ്ഥാന സമീപനവും പൊതു മാനദണ്ഡങ്ങളും വ്യക്തമാക്കുന്ന (ബേസിക് അപ്രോച്ച്&ജനറൽ കണ്ടീഷൻസ് ആന്റ് അസംപ്ഷൻസ് ഫോർ ദ പ്രിപ്പറേഷൻ ഓഫ് സ്റ്റാൻഡേർഡ് ഡാറ്റാ ബുക്ക് ) ആമുഖത്തിൽ ഖണ്ഡിക 4ലാണ് ഇക്കാര്യം വ്യക്തമാക്കുന്നത്. റോഡ് പ്രവൃത്തികൾക്ക് 10% വും പാലം പണികൾക്ക് 20%വും ഓവർഹെഡ്സ്ചാർജ്ജ് കണക്കാക്കിയത് 17ഇനങ്ങളിലായി കരാറുകാരന് വരാനിടയുള്ള ചെലവുകൾ പരിഗണിച്ച് കൊണ്ടാണെന്ന് ഖണ്ഡിക 4ൽ പരാമർശിക്കുന്നു. ഇവയിൽ പ്രധാനപ്പെട്ടതും സ്ഥാപനത്തിന്റെ റോഡ് പ്രവൃത്തികൾ പരിഗണിക്കുമ്പോൾ അപ്രസക്തവുമായ ചില ഘടകങ്ങൾ താഴെ കൊടുക്കുന്നു.

1.പ്ലാന്റുകൾ,ആക്സസ് റോഡുകൾ,ജലവിതരണം ,ഇലക്ട്രിസിറ്റി, സൈറ്റിലെ താമസം എന്നിവയ്ക്കുള്ള ചെലവ്

2.സൈറ്റ് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള ചെലവ്

3. ലേബർ നിയമപ്രകാരമുള്ള ചുരുങ്ങിയ തോതിലുള്ള ലേബർ ക്യാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ്

4.മേൽനോട്ടത്തിനുള്ള ചെറിയ വാഹനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ചെലവ്

5. മോർഡ് സ്പസിഫിക്കേഷൻ പ്രകാരമുള്ള ഗുണനിലവാര പരിശോധന നടത്തുന്നതിനും ഇതിന് ലാബ് ഒരുക്കുന്നതിനുമുള്ള ചെലവ്

6.വാച്ച് &വാർഡ് ഏർപ്പെടുത്തുന്നതിനുള്ള ചെലവ്

7. നിർമ്മാണ സമയത്ത് പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള ചെലവ്

അവശേഷിക്കുന്ന ഇനങ്ങളുടെ കാര്യത്തിലും മിക്കതിലും ഭാഗിക ചെലവോ ചെലവുതന്നെ ഇല്ലാത്തതായോ കാണാം.17ആം ഇനമായി സൂചിപ്പിച്ച സെയിൽസ്/ടേൺ ഓവർ ടാക്സ് ഇനത്തിൽ വരുന്ന ചെലവാണ് ചെറിയ പ്രവൃത്തികളുമായി ബന്ധപ്പെട്ട് നോക്കുമ്പോൾ കരാറുകാരന് വരുന്ന യഥാർത്ഥ ചെലവ് .

ഒരു റോഡിന്റെ പൂർണ്ണമായ നിർമ്മാണമോ അറ്റകുറ്റപ്പണിയോ അടങ്ങുന്ന വലിയ പ്രൊജക്ടുകളുടെ കാര്യത്തിലാണ് ഡാറ്റാ ബുക്കിൽ പ്രതിപാദിച്ചിരിക്കുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഒരുക്കേണ്ട സാഹചര്യവും ഇതുവഴിയുള്ള ചെലവുകളും കരാറുകാരന് വരാനുള്ള സാധ്യത.എന്നാൽ ഗ്രാമപഞ്ചായത്തുകളുടെ സവിശേഷ സാഹചര്യത്തിൽ റോഡുകൾ വളരെ ചെറുതാണെന്നതും ഇത്തരം റോഡുകൾ തന്നെ ഭാഗികമായി ചെയ്യുന്നതിനാൽ കുറഞ്ഞ പ്രൊജക്ട് കോസ്റ്റ് മാത്രമാണ് വരുന്നതെന്നതും മേല്പറഞ്ഞ ചെലവുകൾ കരാറുകാരന് വരാനുള്ള സാധ്യത ഇല്ലാതാക്കുന്നു.ഇത്തരം ചെലവുകൾ വരാതെയും അതുവഴി ഇതിന്റെ ഗുണഫലം സ്ഥാപനത്തിന് ലഭിക്കാതേയും ഇവയ്ക്കുള്ള പരിഹാരതുക പൂർണ്ണതോതിൽ കരാറുകാരന് നല്കുന്നത് അനർഹമായ തുക നല്കലാണ്. PRICE LSGD എന്ന വെബ് സൈറ്റ് മുഖേനതന്നെ തയ്യാറാക്കുന്ന MORTH സ്പെസിഫിക്കേഷനിലുള്ള റോഡ് നിർമ്മിതികൾക്ക് 7.5% മാത്രമാണ് ഓവർ ഹെഡ്സ് ചാർജ്ജ് എന്നതും ഇവിടെ ശ്രദ്ധേയമാണ്. ഓഡിറ്റ് വർഷം മരാമത്ത് മേഖലയിൽ വൻതുക വിനിയോഗിച്ച സ്ഥാപനത്തിൽ ഭൂരിഭാഗം തുകയും വിനിയോഗിച്ചിരിക്കുന്നത് റോഡ് പ്രവൃത്തികൾക്കാണെന്നതും ഇവയെല്ലാം മോർഡ് സ്പെസിഫിക്കേഷനിലാണെന്നതും പരിഗണിക്കുമ്പോൾ ഓവർ ഹെഡ്സ് ചാർജ്ജിനത്തിൽ സ്ഥാപനത്തിനുണ്ടായിട്ടുള്ള അധിക ചെലവിന്റെ വ്യാപ്തി വ്യക്തമാകുന്നതാണ്. സർക്കാർ തുക സ്വന്തം പണം ചെലവഴിക്കുന്ന സൂക്ഷ്മതയോടെ ചെലഴിക്കണമെന്ന KFC ആർട്ടിക്കിൾ 40 (ബി)യിൽ പ്രതിപാദിക്കുന്ന, ഫിനാൻഷ്യൽ പ്രൊപ്പൈറ്റി ഇവിടെ പാലിക്കപ്പെട്ടില്ലെന്ന് കാണാം. മേൽ സാഹചര്യത്തിൽ വസ്തുതകൾ പരിശോധിക്കാതെ കരാറുകാർക്ക് അധിക തുക നല്കുന്നത് പഞ്ചായത്തുഫണ്ടിന്റെ ദുർവിനിയോഗമാണ്. ഇക്കാര്യത്തിൽ വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-15 മരാമത്ത് പ്രവൃത്തികൾക്ക് കരാർ വയ്ക്കുന്നത് -നിബന്ധനകൾ

## കാലഹരണപ്പെട്ടത്

നിർവ്വഹണം-അസി എഞ്ചിനീയർ/സെക്രട്ടറി

ഓഡിറ്റ് വർഷത്തിൽ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ കരാർ വച്ചത് നിലവിലെ സാഹചര്യത്തിന് അനുസൃതമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടല്ലെന്നും വളരെ പ്രധാനമായ മിക്ക വ്യവസ്ഥകളും കാലഹരണപ്പെട്ടതാണെന്നും ബോധ്യപ്പെട്ടിട്ടുണ്ട്. കരാറിന്റെ അന്തസത്ത സമയമാണെന്നിരിക്കെ പ്രവൃത്തി പൂർത്തീകരണത്തിനുള്ള സമയക്രമം കരാറിൽ കൃത്യമായി പ്രതിപാദിക്കുന്നില്ല എന്ന ഗുരുതര വീഴ്ചയും സംഭവിച്ചിട്ടുണ്ട്. പ്രവൃത്തികൾ നിർവ്വഹിക്കേണ്ട സ്പെസിഫിക്കേഷൻ,പൂർത്തീകരണ കാലതാമസത്തിനുള്ള പിഴ എന്നിവയിലാണ് പ്രധാനമായും അപാകത കാണുന്നത്. വിശദാംശം താഴെ കൊടുക്കുന്നു.

### സ്പെസിഫിക്കേഷൻ

എല്ലാ പ്രവൃത്തികളുടേയും കരാറുടമ്പടി ഒരേ ഫോറത്തിൽ തന്നെയാണ് തയ്യാറാക്കിവരുന്നത്.ഈ എഗ്രിമെന്റിലെ നാലാമത്തെ വ്യവസ്ഥയിൽ, പ്രവൃത്തിക്ക് ആവശ്യമായ സാധനങ്ങളുടെ ഗുണനിലവാരം ,പ്രവൃത്തിയുടെ ഗുണനിലവാരം, പ്രവൃത്തിയുടെ അളവുകൾ, കരാറുടമ്പടിയുടെ ഭാഗമായി വരുന്ന നിബന്ധനകൾ എന്നിവയെല്ലാം കേരള ഡീറ്റയിൽഡ് സ്റ്റാന്റേർഡ് സ്പസിഫിക്കേഷൻ പ്രകാരമാണെന്നും ഈ നിബന്ധനകൾ കരാറുകാരൻ വായിച്ച് മനസ്സിലാക്കിയിരിക്കണമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ തദ്ദേശ ഭരണസ്ഥാപനങ്ങളിൽ 2014-15 വർഷം മുതൽക്കുതന്നെ ഡെൽഹി അനാലിസിസ് ഓഫ് റേറ്റും(DAR) ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റും(DSR) ബാധകമാക്കിയിട്ടുണ്ട്. ഡെൽഹി അനാലിസിസ് ഓഫ് റേറ്റ് എന്ന ഡാറ്റാ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത് CPWD സ്പെസിഫിക്കേഷനെയാണെന്നു കാണാം. കൂടാതെ ഗ്രാമീണ റോഡുകളുടെ നിർമ്മിതിക്ക് മോർഡ് സ്പെസിഫിക്കേഷനാണ് നിലവിൽ ഉപയോഗിച്ചുവരുന്നത്. മേൽ സ്പെസിഫിക്കേഷനുകൾക്ക് അനുസൃതമായി പ്രവൃത്തികൾ നിർവ്വഹിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നതിന് പകരമാണ് കാലഹരണപ്പെട്ട കേരള ഡീറ്റയിൽഡ് സ്റ്റാന്റേർഡ് സ്പെസിഫിക്കേഷൻ പ്രതിപാദിച്ചിരിക്കുന്നത്.

### പിഴ സംബന്ധിച്ച അപാകത

കരാറിന്റെ ഏഴാമത്തെ വ്യവസ്ഥയായി പൂർത്തീകരണ കാലതാമസത്തിനുള്ള പിഴ സംബന്ധിച്ച് വിശദമാക്കുന്നു.2012 ൽ പുതുക്കിയ PWD മാന്വലിലെ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നതിന് പകരം അതിനുമുമ്പുള്ള മാന്വലിലെ വ്യവസ്ഥകളാണ് ഇവിടെ പ്രതിപാദിച്ചിരിക്കുന്നത്. അതായത് പുതുക്കിയ മാന്വൽ പ്രകാരം കരാറുകാരന്റെ വീഴ്ചമൂലം കാലതാമസം വരുന്ന കാര്യത്തിൽ ആകെ അനുവദിച്ച സമയത്തിന്റെ 25% സമയം കൂടി PACയുടെ 1% പിഴ ഈടാക്കി ദീർഘിപ്പിക്കാവുന്നതാണ്. ഇത് മതിയാകാത്ത സന്ദർഭങ്ങളിൽ PAC യുടെ 2%പിഴ ഈടാക്കി വീണ്ടും 25% സമയം കൂടി അനുവദിക്കാവുന്നതാണ്. അതായത് ഇപ്രകാരം പിഴ ചുമത്തി അനുവദിച്ച സമയത്തിന്റെ ആകെ 50% സമയം അനുവദിക്കാവുന്നതും ഇപ്രകാരം അനുവദിക്കുന്നതിന് പൂർത്തീകരണ കാലയളവിനുമുമ്പ് തന്നെ കരാറുകാരൻ ഇതിനായി അപേക്ഷിക്കേണ്ടതുമാണ്. എന്നാൽ, മുൻകൂട്ടി കാണാൻ കവിയാത്ത കാരണങ്ങളാൽ നിശ്ചിതസമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചില്ലെങ്കിൽ നിശ്ചിതകാലാവധിയുടെ 20% ഗ്രേസ് പീരീയിഡ് അനുവദിക്കുമെന്നും (പിഴയില്ലാതെ) അതിനുശേഷം വരുന്ന മൂന്നുമാസത്തേക്ക് കരാർ തുകയുടെ 1% വും തുടർന്നുവരുന്ന ഓരോ മൂന്ന് മാസത്തേക്കും 2% വും നിരക്കിൽ പിഴ ഈടാക്കുന്നതാണെന്നുമാണ് കരാറിൽ വ്യവസ്ഥചെയ്തിരിക്കുന്നത്.

### പ്രവൃത്തി പൂർത്തീകരണത്തിനുള്ള സമയക്രമം

പ്രവൃത്തി പൂർത്തീകരണത്തിനുള്ള സമയക്രമം കരാറിൽ കൃത്യമായി പ്രതിപാദിക്കുന്നില്ല എന്നതും ശ്രദ്ധേയമാണ്. പ്രവൃത്തി, അംഗീകരിക്കപ്പെട്ട പ്ലാൻ, എസ്റ്റിമേറ്റ്,ഡിസൈൻ എന്നിവ അനുസരിച്ചും പ്രവൃത്തിവിവര പട്ടിക, പ്രവർത്തനകലണ്ടർ പ്രകാരവും കരാർ നിരക്കനുസരിച്ചും എഞ്ചിനീയറുടെ നിർദ്ദേശപ്രകാരവും കരാറുകാരൻ പൂർത്തിയാക്കുമെന്നാണ് വ്യവസ്ഥകളിൽ രണ്ടാമതായി പ്രതിപാദിച്ചിരിക്കുന്നത്. എന്നാൽ ഇപ്രകാരം പ്രവൃത്തിവിവര പട്ടികയോ, പ്രവർത്തനകലണ്ടറോ കരാറിൽ ഉൾക്കൊള്ളിച്ചിട്ടില്ല. പ്രവൃത്തിയുടെ പ്രൊജക്ട് കരാറിന്റെ ഭാഗമായി പരിഗണിച്ചാൽ തന്നെ മിക്ക പ്രവൃത്തികളുടേയും കാര്യത്തിൽ കരാർ തീയതി പരിഗണിക്കുമ്പോൾ പ്രൊജക്ടിലെ പ്രവൃത്തി പൂർത്തീകരണ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുകയെന്നത് അസംഭാവ്യമാണെന്ന് കാണാം. ഉദാഹരണമായി

277/19 നമ്പർ സ്പിൽ ഓവർ പ്രൊജക്ടിന്റെ കരാർ വച്ചിരിക്കുന്നത് 27.3.18 നാണെങ്കിലും പ്രൊജക്ടിൽ 2017-18 വർഷത്തെ ഏകവർഷപ്രൊജക്ടെന്നും ഇത് മാർച്ച് 2018ൽ പൂർത്തീകരിക്കുമെന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അതായത് 27.3.18 തീയതിയിൽ കരാർ വച്ച പ്രവൃത്തി 3.13.18ന് പൂർത്തീകരിക്കുമെന്നാണ് കരാറുകാരൻ ഉറപ്പുനല്കിയിരിക്കുന്നത്. കരാർ നിഷ്കർഷിക്കുന്ന എഞ്ചിനീയറോ കരാർ ഒപ്പിടുന്ന കരാറുകാരനോ ഇത്തരത്തലുള്ള വസ്തുതകളുടെ സാംഗത്യം പരിശോധിക്കുന്നില്ലയെന്നത് വീഴ്ചയാണ്.

പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിക്കുന്നതിലും മറ്റ് ബന്ധപ്പെട്ട കാര്യങ്ങളിലും സ്ഥാപനത്തിന് കരാറുകാരുമായി ഉണ്ടാകാനിടയുള്ള അഭിപ്രായഭിന്നതകൾ കോടതിസമക്ഷം എത്തുമ്പോൾ ഏറ്റവും പ്രധാനമായി പരിഗണിക്കപ്പെടുന്നത് ഇരുകക്ഷികളും ചേർന്ന് ഒപ്പിടുന്ന കരാറാണെന്നിരിക്കെ കരാറിലെ വ്യവസ്ഥകൾ ഇപ്രകാരം അശ്രദ്ധമായി തയ്യാറാക്കാനിടയാക്കിയ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. കൂടാതെ തുടർന്നങ്ങോട്ട് അപാകതകൾ പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികളും വിശദീകരിക്കേണ്ടതാണ്.

## 1-16 കോസ്റ്റ് ഇൻഡെക്സിൽ വന്ന മാറ്റം എസ്റ്റിമേറ്റിൽ പ്രതിഫലിച്ചില്ല-പഞ്ചായത്ത് ഫണ്ടിന് നഷ്ടം

നിർവ്വഹണം :അസി. എഞ്ചിനീയർ/സെക്രട്ടറി

ഓഡിറ്റ് വർഷത്തിൽ ബിൽ തുക നല്കിയ 18 പ്രൊജക്ടുകളുടെ കാര്യത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയത് 1.4.17 ന ശേഷമായതിനാൽ എസ്റ്റിമേറ്റ് കോസ്റ്റ് കണക്കാക്കിയത് അടിസ്ഥാന നിരക്കിനൊപ്പം മേൽ തീയതിമുതൽ പ്രാബല്യത്തിലുള്ള 42.16%നിരക്കിലുള്ള കോസ്റ്റ് ഇൻഡെക്സ് കണക്കാക്കിയാണ് .എന്നാൽ മേൽ പദ്ധതികളെല്ലാം കരാർ വച്ച് നിർവ്വഹണത്തിനായി കൈമാറിയത് 2018 ജനവരി മുതൽക്കാണ്. ഇതിനിടയിൽ 1.10.2017 പ്രാബല്യത്തിൽ കോസ്റ്റ് ഇൻഡക്സ് നിരക്ക് 37.25 % ആയി കുറഞ്ഞിരുന്നു. പഴയ നിരക്കിലുള്ള എസ്റ്റിമേറ്റ് തുകയിലാണ് മേൽ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി വാങ്ങിയതെങ്കിലും പ്രവൃത്തികൾ ഏല്പിച്ചുകൊടുക്കുന്നത് 1.4.17 മുതലുള്ള കോസ്റ്റ് ഇൻഡെക്സിന്റെ പ്രാബല്യതീയതി കഴിഞ്ഞാണെന്നതിനാൽ കോസ്റ്റ് ഇൻഡെക്സിൽ വന്ന മാറ്റത്തിനനുസരിച്ച് എസ്റ്റിമേറ്റ് തുകയിൽ കുറവ് വരുത്തണമായിരുന്നു. ഇപ്രകാരം ചെയ്യാത്തതിനാൽ കോസ്റ്റ് ഇൻഡെക്സ് ഇനത്തിൽ 4.91 ശതമാനത്തിന്റെ ആധിക്യം ഉണ്ടാകുകയും അത്രയും തുകയുടെ അധികച്ചെലവ് സ്ഥാപനത്തിനുണ്ടാകുകയും ചെയ്തു.സ്ഥാപനത്തിന് സാമ്പത്തിക നഷ്ടം വരുത്തിവച്ച അപാകതയ്ക്ക് വിശദീകരണം നല്കേണ്ടതാണ്.മേല്പറഞ്ഞ 18 പ്രവൃത്തികളുടെ വിശദാംശം താഴെ കൊടുക്കുന്നു

പ്രൊജക്ടുകൾ-

261/19, 276/19, 299/19, 300/19, 303/19, 304/19, 308/19, 311/19, 353/19, 288/19, 317/19, 316/19, 247/19, 302/19, 245/19, 287/19, 244/19, 279//19

## 1-17 പത്രപരസ്യങ്ങൾ -പരസ്യചാർജ്ജിൽ അർഹമായ ഇളവ് പ്രയോജനപ്പെടുത്തിയില്ല

പ്രൊജക്ടിന്റെ പേര്,നമ്പർ-പദ്ധതി നിർവ്വഹണവും മോണിറ്ററിംഗും ചെലവ് വഹിക്കൽ-01/19

വകയിരുത്തിയ തുക-200000/- വികസനഫണ്ട് , 2,00,000/-തനത്ഫണ്ട്

ചെലവഴിച്ച തുക-378189/-(199623/-വി.ഫ. ,178566/-തനത്ഫണ്ട്)

പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പദ്ധതിപ്രകാരം നല്കിയ പത്ര പരസ്യ ചാർജ്ജ് പരിശോധിച്ചതിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് അർഹതയുണ്ടായിരുന്ന 15 ശതമാനം ഇളവ് പ്രയോജനപ്പെടുത്താതെയാണ് തുക നല്കിയത് എന്ന് കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| ചെക്ക് നമ്പർ/തീയതി | തുക (രൂ) | പത്രത്തിന്റെ പേര് |
|---|---|---|
| 271247/30.03.19 | 17136/- | ഇൻഡ്യൻ എക്സ്പ്രസ്സ് |

| | | |
|---|---|---|
| 271189/11.03.19 | 17787/- | മാധ്യമം |
| ആകെ | 34923/- | |

സ.ഉ.നം.17/(പി)ഐ.&പി.ആർഡി/തിയ്യതി 8.12.15 പ്രകാരം എ.ബി.സി സർക്കുലേഷനുള്ള പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്ന പരസ്യങ്ങൾക്ക് നിരക്ക് പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ ഗവൺമെന്റ് സ്ഥാപനങ്ങൾക്ക് 15 ശതമാനം ഡിസ്കൗണ്ടും അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ ആനുകൂല്യം പ്രയോജനപ്പെടുത്താതെയാണ് പത്രങ്ങൾക്ക് തുക നല്കിയത്. ദർഘാസ് പരസ്യങ്ങൾ വിൻഡോ രൂപത്തിൽ മാത്രം നൽകണമെന്ന നിർദ്ദേശവും പാലിച്ചിട്ടില്ല.സർക്കാർ ഉത്തരവ് പ്രകാരം അർഹതപ്പെട്ട ഡിസ്കൗണ്ട് ആനുകൂല്യം പ്രയോജനപ്പെടുത്താത്തതിനാലും വിൻഡോ പരസ്യം നൽകാത്തതിനാലും പഞ്ചായത്തിന് അധിക ചെലവ് ഉണ്ടായിട്ടുണ്ട്. അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (01/12.02.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. ഡിസ്കൗണ്ട് ഇനത്തിൽ ലഭിക്കേണ്ടിയിരുന്ന തുക തുടർബില്ലുകളിൽ നിന്നും കുറവുവരുത്തേണ്ടതും ആഭ്യന്തരനിയന്ത്രണ സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കേണ്ടതാണ്. മറുപടിയുടെ അഭാവത്തിൽ ചെലവുതുക തടസ്സത്തിൽ വെക്കുന്നു.

## 1-18 പാലിയേറ്റീവ് പരിചരണം- മരുന്നുകൾ ലഭിച്ചില്ല

പ്രൊജക്റ്റ് നം 41/19

അടങ്കൽ തുക 650000/- വി.ഫണ്ട്.

ചെലവ് - 174996/-ബിൽ നം 8044/15.03.2019

പാലിയേറ്റീവ് പരിചരണത്തിന്റെ ഭാഗമായി മരുന്നുകൾ വാങ്ങുന്നതിന് 174996/- രൂപ 15.03.2019 ന് ,കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പെർഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ ,മെഡിക്കൽ ഓഫീസർ അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെയും മരുന്നുകളൊന്നും ലഭിച്ചിട്ടില്ല. പദ്ധതികാലയളവിലെ അവസാനദിനങ്ങളിലാണ് പണം അടവാക്കിയിട്ടുള്ളത്. സ്ഥാപനവുമായി കരാർ ചമക്കുകയോ മരുന്ന് ലഭ്യമാക്കാൻ തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തതായി കാണുന്നില്ല. ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി യിൽ മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കുന്നതിനായി കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭിച്ചശേഷം ഇൻവോയ്സ് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ചെലവുതുക തടസ്സത്തിൽവെക്കുന്നു.

## 1-19 അഗതി ആശ്രയ-ചെലവഴിക്കാത്ത വികസനഫണ്ട് ബേങ്കിൽ സൂക്ഷിക്കുന്നു.

ആശ്രയപദ്ധതിയുടെ ക്യാഷ് ബുക്ക് ,ബേങ്ക് പാസ്സ് ബുക്ക് എന്നിവ പരിശോധിച്ചതിൽ പദ്ധതിക്കായി വിവിധ കാലയളവുകളിൽ നല്കിയ വികസനഫണ്ട് 1321950/-രൂപ (പലിശഉൾപ്പെടെ)ചെലവഴിക്കാതെ കനറാ ബേങ്കിന്റെ മുക്കം ശാഖയിൽ(എക്കൗണ്ട് നമ്പർ 1135101045569) നീക്കിയിരുപ്പുള്ളതായി കാണുന്നു.ചെലവഴിക്കാത്ത വികസന ഫണ്ട് ബേങ്കിൽ സൂക്ഷിക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 11/15.02.2020)മറുപടി ലഭ്യമാക്കിയിട്ടില്ല.ചെലവഴിക്കാത്ത വികസനഫണ്ട് പലിശസഹിതം കൺസോളിഡേറ്റഡ് ഫണ്ടിൽ തിരിച്ചടച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 ചെണ്ടയും ഇലത്താളവും വാങ്ങലിന്റെ നിജസ്ഥിതി ഉറപ്പുവരുത്താനായിട്ടില്ല

അസി.സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ എസ് സി വനിതാ ശിങ്കാരിമേളം പ്രൊജക്ടിന് (240/19) പട്ടികജാതി പദ്ധതിവിഹിതമായി 156250/-രൂപയും ഗുണഭോക്തൃവിഹിതമായി 11250/-രൂപയും ചെലവഴിച്ചിട്ടുണ്ട്. ചെണ്ടയും ഇലത്താളവും വാങ്ങുന്നതിന് ടെണ്ടർ വിളിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത വ്യക്തിയുമായി നെഗോസിയേഷൻ നടത്തി ചെണ്ട ഒന്നിന് 14500/-രൂപയും ഇലത്താളത്തിന് 4500/-രൂപയായും കരാർ ഉറപ്പിച്ചിരുന്നു.എന്നാൽ സാധനങ്ങൾ വാങ്ങിയതിന്റെ ഇൻവോയ്സും ട്രഷറി ബില്ലും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.രേഖകൾ പരിശോധനക്ക്

ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 13/15.02.2020)മറുപടി ലഭ്യമാക്കിയിട്ടില്ല.ചെണ്ടയും ഇലത്താളവും വിതരണം ചെയ്തത് സംബന്ധിച്ച ഫോട്ടോയും ശിങ്കാരിമേള ട്രൂപ്പ് പ്രവർത്തിക്കുന്നതിന്റെ വിശദാംശവും ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ചെണ്ടയും ഇലത്താളവും വാങ്ങിയതിന്റെ വിലയും സ്പെസിഫിക്കേഷനും ഉറപ്പുവരുത്താനായിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവുതുക 156250/-രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-21 സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച തുക ചെലവഴിച്ചില്ല

വിവിധ സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്ത പദ്ധതികൾക്കായി ലഭിച്ചതും ചെലവഴിക്കാൻ അവശേഷിക്കുന്നതുമായ ഫണ്ടുകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമനമ്പർ | തുക ലഭിച്ച സ്ഥാപനം | പ്രൊജക്ടിൻെറ പേര് | തീയ്യതി | ലഭിച്ചതുക |
|---|---|---|---|---|
| 01 | ജില്ലാപഞ്ചായത്ത് | ആകാശഗംഗ | 05.12.2017 | 200000 |
| 02 | ജില്ലാപഞ്ചായത്ത് | അറവ്ശാല | 23.10.2018 | 2000000 |
| 03 | കോ-ഓർഡിനേറ്റർ ടോട്ടൽ സാനിറ്റേഷൻ കോഴിക്കോട് | ടോട്ടൽസാനിറ്റേഷൻ പ്രോഗ്രാം | 01.11.2017 | 813000 |
| 04 | ബ്ലോക്ക് പഞ്ചായത്ത് | അനുപൂരകപോഷകാഹാരപദ്ധതി | - | 941988 |

തുക ചെലവഴിക്കാത്തതിന് വിശദീകരണം നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 15/18-19 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-22 സ്ട്രീറ്റ് ടാപ്പ് രജ്സ്റ്റർ,സംയുക്ത പരിശോധന റിപ്പോർട്ട് എന്നിവ ഹാജരാക്കിയില്ല.

കേരളാ വാട്ടർ അതോറിറ്റിയുടെ ബിൽ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് ആകെ 75 ടാപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. അതിൻ പ്രകാരം പ്രതിമാസം 32813 രൂപ ഡിമാന്റ് ചെയ്തുവരുന്നു. വാർഷിക ധനകാര്യ പത്രിക പ്രകാരവും തനത് ഫണ്ട് വൗച്ചറുകൾ പ്രകാരവും ഓഡിറ്റ് വർഷം 393756 രൂപ ഈ ഇനത്തിൽ വാട്ടർ അതോറിറ്റിക്ക് ഒടുക്കിയിട്ടുണ്ട്. പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള, പ്രവർത്തനക്ഷമമായ പൊതു ടാപ്പുകളുടെ എണ്ണം രേഖപെടുത്തിയ രജിസ്റ്റർ സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടില്ല. പ്രവർത്തനക്ഷമമായ സ്ട്രീറ്റ് ടാപ്പുകൾ സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി സംയുക്തപരിശോധന നടത്തിയതിൻെറ വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതും അപാകതയ്ക്ക് വിശദീകരണം ആവശ്യപെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 09/18-19 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-23 അങ്കണവാടികളുടെ അടിസ്ഥാനസൗകര്യകുറവ് - പരിഹാര നടപടികൾ സ്വീകരിക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് നിയമം 166ാം വകുപ്പ് 3ാം പട്ടിക പ്രകാരം സാമൂഹ്യ ക്ഷേമ മേഖലയിലെ

അങ്കണവാടികളുടെ നടത്തിപ്പ് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. 29-03-2017 ലെ ജി.ഒ (എം.എസ്) 72/2017/ ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ 12.13.2(1)പ്രകാരം അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, ചുറ്റുമതിൽ, കുടിവെള്ളം, ഫർണിച്ചർ, മറ്റു ഭൗതിക സൗകര്യങ്ങൾ മുതലായവ പ്രദാനം ചെയ്യുന്നതിന് പ്രാധാന്യം നൽകുന്ന പദ്ധതികൾ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി നടപ്പിലാക്കേണ്ടതുണ്ട്.

ഐ.സി.ഡി.എസ്. സൂപ്പർവൈസർ ലഭ്യമാക്കിയ രേഖകൾ പ്രകാരം കാരശ്ശേരി ഗ്രാമപഞ്ചായത്തിൽ അങ്കണവാടികളിലെ അടിസ്ഥാനസൗകര്യങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഗ്രാമപഞ്ചായത്തിൽ ആകെയുള്ള അങ്കണവാടികൾ | 27 |
| സ്വന്തമായി കെട്ടിടം ഇല്ലാത്ത അങ്കണവാടികൾ | 04 |
| കുടിവെള്ള സൗകര്യം ഇല്ലാത്ത അങ്കണവാടികൾ | 13 |
| വൈദ്യുതി കണക്ഷൻ ഇല്ലാത്ത അങ്കണവാടികൾ | 03 |
| ചുറ്റുമതിൽ ഇല്ലാത്ത അങ്കണവാടികൾ | 12 |

അടിസ്ഥാനസൗകര്യങ്ങളുടെ കുറവ് മേൽ പട്ടികയിൽ നിന്നും വ്യക്തമാണ്. ആയത് പരിഹരിക്കാൻ വേണ്ട നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതുണ്ട്. 2018-19 ൽ അങ്കണവാടികളിലെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടി പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കുന്നതിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും ശ്രദ്ധപുലർത്തിയിട്ടില്ല. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യവികസനത്തിന് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാത്തതിന് വിശദീകരണം ആവശ്യപെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 08/18-19 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-24 'കാൻറിൽ ' ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്-ആവശ്യമായ ഫണ്ട് വകയിരുത്തിയില്ല

പദ്ധതി നം -188 /19 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്-

അടങ്കൽ – 1500000/- ചെലവ് 1499440/-

നിർവ്വഹണഉദ്യോഗസ്ഥൻ - ഐ സി ഡി എസ് സൂപ്പർവൈസർ

ഗ്രാമപഞ്ചായത്തിൽ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്-(പ്രൊജക്ട് 188/19) എന്ന പദ്ധതിയ്ക്കായി വകയിരുത്തിയത് 15,00,000 രൂപയാണ്. പ്രൊജക്ടിന്റെ വിശദാംശങ്ങൾ താഴെ പറയുന്നു.

| വകയിരുത്തിയ സ്ഥാപനം | അടങ്കൽ - വകയിരുത്തിയ തുക | ലഭിച്ച വിഹിതം | ചെലവഴിച്ച തുക |
|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 7,50,000 | 7,50,000 | 7,49,740 |
| ബ്ലോക്ക് പഞ്ചായത്ത് | 3,75,000 | 3,75,000 | 3,74,800 |

| | | | |
|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 3,75,000 | 3,75,000 | 3,74,900 |
| ആകെ | 15,00,000 | 15,00,000 | 14,99,440 |

മേൽ പദ്ധതിയ്ക്കായി ഗ്രാമപഞ്ചായത്തിൽ തെരഞ്ഞെടുക്കപ്പെട്ട 81പേരിൽ 63 പേർ മാനസിക വെല്ലുവിളികൾ നേരിടുന്നവർ ആണ്. 2018- 19 വാർഷിക പദ്ധതി മാർഗ്ഗരേഖ ജി ഒ (എം എസ്) നം 22/ 2018. ത സ്വ ഭ വ 14.2.2018പ്രകാരം ഇവർക്ക് വാർഷികമായി 28,500 രൂപ എല്ലാ ബത്തകളും ഉൾപ്പെടെ നൽകാവുന്നതാണ്. ഇതിൽ ഉല്ലാസയാത്രാ ചെലവുകൾക്ക് നൽകുന്ന 1000 രൂപ ഉൾപ്പെടുന്നു. എന്നാൽ മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഓഡിറ്റ് വർഷം പരമാവധി 22,445/- രൂപ നിരക്കിൽ മാത്രമാണ് അനുവദിച്ചിട്ടുള്ളത്.

സമൂഹത്തിലെ ദുർബലരും അനുകമ്പ അർഹിക്കുന്ന വിഭാഗത്തിൽപ്പെട്ടവരുമായ ഇത്തരം ഗുണഭോക്താക്കൾക്ക് സർക്കാർ അനുവദിച്ച മുഴുവൻ തുകയും നൽകാൻ കഴിയാഞ്ഞത് ആവശ്യമായ തുക വകയിരുത്താത്തത് കൊണ്ടാണ്.

ഗുണഭോക്താക്കൾക്ക് സർക്കാർ ഉത്തരവ് പ്രകാരമുള്ള പരമാവധി നിരക്കിൽ തുക അനുവദിക്കാൻ നടപടികൾ കൈക്കൊള്ളാത്തതിന് വിശദീകരണം ആവശ്യപെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 07/18-19 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-25 സ്ട്രീറ്റ് ലൈറ്റ് രജ്സ്റ്റർ,സംയുക്ത പരിശോധന റിപ്പോർട്ട് എന്നിവ ഹാജരാക്കിയില്ല.

2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക പ്രകാരവും സ്ഥാപനത്തിലെ തനത് ഫണ്ട് വൗച്ചറുകൾ പ്രകാരവും തെരുവ് വിളക്കുകളുടെ ഊർജ്ജ വിനിയോഗ ചെലവിനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും 1,10,741/- രൂപ കെ.എസ്.ഇ.ബിയ്ക്ക് അടവാക്കിയിട്ടുണ്ട്.പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള, പ്രവർത്തനക്ഷമമായ തെരുവ് വിളക്കുകളുടെ എണ്ണം രേഖപെടുത്തിയ രജിസ്റ്റർ സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടില്ല. പ്രവർത്തനക്ഷമമായ തെരുവ് വിളക്കുകളെ സംബന്ധിച്ച് കെ.എസ്.ഇ.ബിയുമായി സംയുക്തപരിശോധന നടത്തിയതിൻെറ വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതുംഅപാകതയ്ക്ക് വിശദീകരണം നൽകേണ്ടതുമാണ്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 10/18-19 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-26 ഹരിത കേരളം -പദ്ധതി അവലോകനം

സംസ്ഥാനത്തിന്റെ മാലിന്യ പ്രശ്നത്തിന് ശാശ്വത പരിഹാരം കണ്ടെത്തുകയെന്നത് പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ മുഖ്യലക്ഷ്യങ്ങളിലൊന്നാണ്. ഈ ലക്ഷ്യം നേടുന്നതിനായി സംസ്ഥാന സർക്കാരിനൊപ്പം പ്രാദേശിക സർക്കാരുകളും മുന്നിൽ നിന്നും പ്രവർത്തിക്കേണ്ടതുണ്ട്. നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച നാല് വികസനമിഷനുകളിൽ ഒന്നായ ഹരിതകേരളം മിഷന് കൃഷി വികസനം, ശുചിത്വ-മാലിന്യ സംസ്കരണം, ജല സംരക്ഷണം എന്നിങ്ങനെ മൂന്ന് ഉപദൗത്യങ്ങളാണ് ഉള്ളത്. മാലിന്യരഹിത, കാർഷിക സമ്പന്നമായ , ജല സ്വയം പര്യാപ്തത ഉള്ള ഒരു തദ്ദേശഭരണ സ്ഥാപനം ലക്ഷ്യമായി കണ്ടാണ് ഹരിതകേരള മിഷൻ പ്രവർത്തിക്കുന്നത്. ഇതിൽ പ്രധാനമാണ് ശുചിത്വ- മാലിന്യ സംസ്കരണം. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 219 (എ)മുതൽ219 (യു) വരെ നിയമങ്ങൾ ഖരമാലിന്യമുൾപ്പടെയുള്ള മാലിന്യങ്ങളുടെ നിർമ്മാർജ്ജനം പ്രാദേശിക സർക്കാരുകളുടെ ചുമതലയാണെന്ന് വ്യക്തമാക്കുന്നു.

കേരള പഞ്ചായത്ത് രാജ് ആക്ടിലെ മേൽപറഞ്ഞ നിയമങ്ങൾ മാലിന്യ നിർമ്മാർജ്ജനത്തിൽ ഗ്രാമപഞ്ചായത്തിന്റെ ഉത്തരവാദിത്വം വ്യക്തമാക്കുന്നതോടൊപ്പം തന്നെ ഗ്രാമപഞ്ചായത്ത് പരിധിയിലെ കെട്ടിടങ്ങളുടെ ഉടമസ്ഥർക്കും താമസക്കാർക്കുമുള്ള ഉത്തരവാദിത്വങ്ങളും വിശദമാക്കുന്നു. ചവറും

ഖരാവസ്ഥയിലുള്ള മാലിന്യങ്ങളും നീക്കം ചെയ്യുന്നതിനുള്ള ഏർപ്പാട് ചെയ്യുക,) വീട്ടുവീടാന്തരമുള്ള ചവറുശേഖരണത്തിന് ഏർപ്പാട് ചെയ്യുക, ഖരമാലിന്യങ്ങൾ ആത്യന്തികമായി കൈയ്യൊഴിയുന്നതിന് ആവശ്യമായ സ്ഥലവും സംവിധാനവും ഒരുക്കുക, മാലിന്യവും മറ്റും നീക്കം ചെയ്യുന്നതിന് മൂടിയുള്ള വണ്ടി ഉപയോഗിക്കുക എന്നിവ ഗ്രാമപഞ്ചായത്തിന്റെ ഉത്തരവാദിത്വങ്ങളിൽ പെടുമ്പോൾ മാലിന്യങ്ങൾ ശേഖരിക്കുകയും നിക്ഷേപിക്കുകയും ചെയ്യുന്നതിന് കെട്ടിട ഉടമസ്ഥർക്കും താമസക്കാർക്കും ഉള്ള കർത്തവ്യം 219B,G,I,,K തുടങ്ങിയ സെക്ഷനുകളിൽ വ്യക്തമാക്കുന്നു.

സ.(ഉ).11/2018/തസ്വഭവ തീ. 29.01.2018 ഖ. 7.1.6(സി).1 പ്രകാരം, ഓരോ പ്രദേശത്തേയും മാലിന്യമുക്തമാക്കുന്നതിനായി ജൈവമാലിന്യം ഉറവിടത്തിൽ തന്നെ പരിപാലിക്കുക, അജൈവമാലിന്യം ശേഖരിച്ച് പുന:ചക്രമണ വിധേയമാക്കുന്നതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുക എന്നിവയായിരിക്കണം മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ സമീപനം. എല്ലാ ഗ്രാമ പഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും പൊതുവിഭാഗം വികസനഫണ്ടിലെ വിഹിതത്തിൽ നിന്നും ഏറ്റവും കുറഞ്ഞത് 10 ശതമാനമെങ്കിലും മാലിന്യ സംസ്കരണത്തിനും ജലസംരക്ഷണത്തിനും പ്രാധാന്യം കൊടുത്തുകൊണ്ട് ഹരിതകേരള മിഷൻ പ്രൊജക്ടുകൾക്ക് വകയിരുത്തണം (ഇതേ ഉത്തരവിലെ ഖ. 5.4(4)). ജൈവമാലിന്യങ്ങളുടെ കാര്യത്തിൽ ഉറവിട മാലിന്യ സംസ്കരണം ലക്ഷ്യം വയ്ക്കേണ്ടതും പരമാവധി വീടുകളിലും സ്ഥാപനങ്ങളിലും ഉറവിടമാലിന്യ സംവിധാനങ്ങൾ ഒരുക്കുവാനുള്ള പ്രവർത്തനങ്ങൾ വീട്ടുവീടാന്തരം സന്ദർശിച്ച് നടത്തേണ്ടതുമാണ്. ഇത്തരം സംവിധാനങ്ങൾ സ്വന്തം നിലയ്ക്ക് ഒരുക്കാൻ സ്ഥലപരിമിതിയുള്ളവർക്കും തെരുവു ശുചീകരണത്തിന്റെ ഭാഗമായുണ്ടാകുന്ന ജൈവമാലിന്യങ്ങൾക്കും വേണ്ടി പൊതുസംവിധാനങ്ങൾ ഒരുക്കേണ്ടതാണ്.

2018-19 വർഷത്തിൽ ഗ്രാമ പഞ്ചായത്ത് ശുചിത്വ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് നടപ്പാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര്, നം. | നിർവ്വഹണം | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | സീറോ വെയിസ്റ്റ് കാരശ്ശേരി | വി.ഇ.ഒ | 613181 | 329601 |
| 2 | ശുചിത്വ കാരശ്ശേരി | വി.ഇ.ഒ | 189000 | 117000 |
| 3 | ശുചിത്വ കാരശ്ശേരി | വി.ഇ.ഒ | 3440000 | 1595160 |
| | ആകെ | | 4242181 | 2041761 |

ഗ്രാമ പഞ്ചായത്തിൽ 28 അംഗ ഹരിത കർമ സേന വിവിധ വാർഡുകളിലായി സേവനം നടത്തി വരുന്നു. അജൈവ വസ്തുക്കൾ തരം തിരിച്ച് നിശ്ചിത ഇടവേളകളിൽ കർമസേന സമാഹരിച്ച്, പഞ്ചായത്തിന്റെ ഹരിത സഹായ സ്ഥാപനം കുടിയായ നിറവ് വേങ്ങേരി എന്ന ഏജൻസിക്ക് ടെണ്ടർ അടിസ്ഥാനത്തിൽ കൈമാറുന്നു. പഞ്ചായത്തിൽ വാടക കെട്ടിടത്തിൽ ഏം സി ഏഫ് പ്രവർത്തിച്ച് വരുന്നു. സ്വന്തമായി എം സി എഫ് നിർമിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.ശുചിത്വ-മാലിന്യ സംസ്കരണ രംഗത്ത് പഞ്ചായത്ത് നടത്തുന്ന പ്രവർത്തനങ്ങൾ മാതൃകാ പരമാണ്

**കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾ**

2018-19 വർഷത്തിൽ കൃഷി ഓഫീസർ നടപ്പാക്കിയ പ്രോജക്ടുകളുടെ സംക്ഷിപ്തം താഴെപ്പറയുന്നു.

| ക്ര നം | പ്രോജ: നമ്പർ | പ്രോജക്ട് | ചെലവഴിച്ച തുക (രൂ) | ഫണ്ടുകൾ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1. | 21/19 | പമ്പ് സെറ്റ് വിതരണം | 200000<br>100000 | വികസന ഫണ്ട് പൊതുവിഭാഗം, ഗുണഭോക്തൃവിഹിതം |
| 2. | 24/19 | ഇടവേള കിറ്റ് വിതരണം | 350000<br>350000 | വികസനഫണ്ട് പൊതുവിഭാഗം<br>തനത് ഫണ്ട് |
| 3. | 42/19 | വാഴ കൃഷി വികസനം | 512500<br>512500 | വികസന ഫണ്ട് പൊതുവിഭാഗം<br>ഗുണഭോക്തൃവിഹിതം |
| 4. | 44/19 | തെങ്ങ് കൃഷി വികസനം | 508353<br>508353 | വികസന ഫണ്ട് പൊതുവിഭാഗം<br>ഗുണഭോക്തൃവിഹിതം |
| 5. | 45/19 | നെൽ കൃഷി വികസനം | 218165<br>218165 | വികസനഫണ്ട് പൊതുവിഭാഗം,<br>ഗുണഭോക്തൃവിഹിതം |
| 6. | 46/19 | ജൈവ പച്ചക്കറി കൃഷി | 439610<br>269610 | വികസന ഫണ്ട് പൊതുവിഭാഗം, |
| 7. | 48/19 | സുഫലം-കുറ്റിക്കുരുമുളക് വിതരണം | 450000 | വികസന ഫണ്ട് പൊതുവിഭാഗം, |
| 8 | 367/19 | രോഗം വന്ന തെങ്ങ് വെട്ടി മാറ്റി പുതിയ തൈ നടൽ | 125000<br>118750 | വികസനഫണ്ട് പൊതുവിഭാഗം,<br>ഗുണഭോക്തൃവിഹിതം |
| 9 | 388/19 | കൃഷിഭവനിലേക്ക് കംപ്യൂട്ടർ -പ്രിന്റർ | 114000<br>3290 | വികസനഫണ്ട് പൊതുവിഭാഗം<br>തനത് ഫണ്ട് |

1. ആകെ വകയിരുത്തിയ 2917628 രൂ തുകയിൽ 2636918രൂ ചെലഴിച്ചിട്ടുണ്ട്. അതായത് 90.37 ശതമാനം തുക ചെലഴിച്ചു.

2.നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച മിഷനുകളിൽ ഒന്നായ ഹരിത കേരളം മിഷന്റെ ഉപദൗത്യമാണ് കൃഷിയും ജലസംരക്ഷണവും. ഇത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ മേഖലാ ചുമതലകളിൽ വരുന്നുണ്ട്.ആയതിനാൽ ഹരിതകേരളം മിഷനിലൂടെ സർക്കാർ പ്രഖ്യാപിച്ച ലക്ഷ്യം കൈവരിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മുഖ്യപങ്ക് വഹിക്കേണ്ടതുണ്ട്. ഇക്കാര്യങ്ങൾ 29.1.2018 തിയ്യതി പുറപ്പെടുവിച്ച സ.ഉ.(കൈ)11/2018/തസ്വഭവ, ഖണ്ഡിക നമ്പർ 7.1 പ്രകാരം വ്യക്തമാക്കിയിട്ടുള്ളതാണ്.

സുരക്ഷിത ഭക്ഷ്യോല്പാദനം, കർഷകർക്ക് മാന്യമായ വരുമാനം ഉറപ്പാക്കൽ, വൻതോതിൽ തൊഴിൽ ലഭ്യമാക്കൽ, സാമ്പത്തികവളർച്ചക്ക് ഗണ്യമായ സംഭാവന നല്കൽ എന്നിവ കാർഷികമേഖലയിൽ ഹരിതകേരളം മിഷൻ ലക്ഷ്യമിടുന്നു. ബൃഹത്തായ ഈ മുന്നേറ്റങ്ങൾ കൈവരിക്കുന്നതിന് വേണ്ടി താഴെപ്പറയുന്ന അനുബന്ധ പ്രവർത്തനങ്ങളും ഹരിതമിഷൻ വിഭാവനം ചെയ്തിട്ടുണ്ട്.

1. പച്ചക്കറിയിലും നെൽ, പഴവർഗ്ഗങ്ങളിലും സ്വയംപര്യാപ്തത നേടാനുതകുന്ന തരത്തിൽ ശക്തമായ ഇടപെടലുകൾ നടത്തുക.

2. ഗാർഹിക കമ്പോസ്റ്റ് ഉപയോഗിച്ച് രാസവളങ്ങളുടേയും , കീടനാശിനികളുടേയും ഉപയോഗം കുറച്ച് ജൈവകൃഷി പ്രോത്സാഹിപ്പിക്കുക.

3. തരിശ് കിടക്കുന്ന സ്ഥലങ്ങൾ കൃഷിക്ക് വേണ്ടി ഉപയോഗപ്പെടുത്തുക. ഇക്കാര്യത്തിന് സ്വയം സഹായ സംഘങ്ങളുടെ പ്രവർത്തനം പ്രയോജനപ്പെടുത്തുക .

4. പൊതുസ്ഥലങ്ങളിൽ വ്യാപകമായി കൃഷി ചെയ്ത് ഉല്പാദനം വർദ്ധിപ്പിക്കുക. സ്ഥാപനങ്ങളിലെ പച്ചക്കറികൃഷി, ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള കൃഷി എന്നിവ പ്രോത്സാഹിപ്പിക്കുക .

5. ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിന് വിപണന സംവിധാനം പരിഷ്കരിക്കുക

6. ജലസ്രോതസ്സുകളുടെ ചുറ്റും മരങ്ങൾ വളർത്തുന്നതുൾപ്പടെ കാർഷികപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക.

7. കൃഷി, മൃഗസംരക്ഷണം എന്നിവയെ പരസ്പരപൂരകങ്ങളായി ഏകോപിച്ചുകൊണ്ട് സംയോജിത കൃഷിരീതി.

8. നെൽകൃഷി ചെയ്യുന്ന വിസ്തൃതി വർദ്ധിപ്പിക്കുക. കരനെൽകൃഷി പ്രോത്സാഹിപ്പിക്കുക.

9. യന്ത്രവല്ക്കരണം പ്രാവർത്തികമാക്കുക.

10.നെല്ല്,തെങ്ങ്,പച്ചക്കറി , വാഴ,ചക്ക എന്നിവ പോലുള്ളവയിൽ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനം.

കാർഷിക മേഖലയിൽ പഞ്ചായത്ത് നടത്തിയ ഇടപെടലുകൾ തൃപ്തികരമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.തരിശ് കിടക്കുന്ന സ്ഥലങ്ങൾ കൃഷിക്ക് വേണ്ടി ഉപയോഗപ്പെടുത്തുക .ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിന് വിപണന സംവിധാനം പരിഷ്കരിക്കുക,വ്യാപകമായ യന്ത്രവല്ക്കരണം പ്രാവർത്തികമാക്കുക. എന്നീ ലക്ഷ്യങ്ങൾ നടപ്പിൽ വരുത്തുന്നതിന് ഉതകുന്ന പ്രോജക്ടുകൾ നടപ്പാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 ലൈഫ് ഭവന പദ്ധതി-പട്ടികജാതി- നിർമാണം പൂർത്തിയാവാത്തത് സംബന്ധിച്ച്

പ്രൊജക്റ്റ് നം. - 36

അടങ്കൽ തുക – 3620000

ചെലവ് തുക – 1800000

ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി ഏഴ് കുടുംബങ്ങൾക്കാണ് വീട് അനുവദിച്ചത്. ഗുണഭോക്താക്കളുമായുള്ള കരാർ പ്രകാരം ആറ് മാസത്തിനകം വീടിന്റെ ജോലി പൂർത്തീകരിക്കേണ്ടതാണ്. രജിസ്റ്റർ പരിശോധിച്ചപ്പോൾ ഇതിൽ താഴെ പറയുന്ന ഗുണഭോക്താക്കളുടെ ഭവനങ്ങൾ ഇതുവരെയും പൂർത്തിയായിട്ടില്ല എന്ന് കണ്ടെത്തി.

| ക്രമ നം | ഗുണഭോക്താക്കളുടെ പേര് | ആകെ കൈപ്പറ്റിയ തുക /അവസാന ഗഡു കൈപ്പറ്റിയ തിയതി | വീടിന്റെ നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | സരോജിനി ഏള്ളങ്ങൽ | 300000/24/07/2019 | മേൽക്കൂര |
| 2 | സുന്ദരൻ കൊളോറമ്മൽ | 200000/24/07/2019 | തറ |

ഇതുമായി ബന്ധപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് നൽകിയ മറുപടിയിൽ ഈ രണ്ടു ഭവനങ്ങളുടെയും പണി ഉടൻ പൂർത്തീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇതിനു വേണ്ട നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 1-28 ആയുർയോഗ- വനിതകൾക്കുള്ള യോഗ പരിശീലനം-രേഖകൾ ഹാജരാക്കുന്നത് സംബന്ധിച്ച്

പ്രൊജക്റ്റ് നം 3

അടങ്കൽ തുക -100000

ചെലവു തുക – 100000

ബിൽ നം. 62 48000 തിയതി- 28/02/2019

ബിൽ നം. 68 52000 തിയതി- 13/03/2019

മെഡിക്കൽ ഓഫീസർ (ആയുർവേദ) നിർവ്വഹണോദ്യോഗസ്ഥനായി പഞ്ചായത്തിലെ വിവിധയിടങ്ങളിൽ, വനിതകൾക്ക് യോഗ പരിശീലനം സംഘടിപ്പിക്കുന്നതിന് 100000/- രൂപ ചെലവഴിച്ചിട്ടുണ്ട്. സ.ഉ(കൈ) നം 22/2018 ത.സ്വ.ഭ. വ തിയതി 14.02.2018 മാർഗ രേഖ ഖണ്ഡിക 7.5.5 പ്രകാരം വയോജനങ്ങൾക്ക് ആയുഷുമായി ചേർന്ന് യോഗ പരിശീലനം നടത്താവുന്നതാണ്. എന്നാൽ മാർഗരേഖക്ക് വിരുദ്ധമായി വനിതകൾക്ക് യോഗ പരിശീലനം പദ്ധതി സംഘടിപ്പിച്ചതിന് വിശദീകരണം നൽകേണ്ടതാണ് . ചെലവ് തുക തടസ്സപ്പെടുത്തുന്നു

## <u>ഭാഗം -2</u>

## <u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

<u>**[KLFA Act 1994** സെക്ഷൻ **16,KLFA Rules 1996** ചട്ടം **19(1)** പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം**]**</u>

ഇല്ല

## <u>ഭാഗം -3</u>

## <u>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

<u>**[KLFA Act 1994** സെക്ഷൻ **16,KLFA Rules 1996** ചട്ടം **19(2)** പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം**]**</u>

### 3-1 പകൽ വീട്-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

കാരശ്ശേരി ഗ്രാമപഞ്ചായത്തിലെ വയോജനങ്ങൾക്ക് പകൽസമത്ത് ഒത്തുകൂടുവാനും ഉല്ലസിക്കുവാനും ഒരുകേന്ദ്രം സ്ഥാപിച്ച് അത് വഴി ഇവരുടെ സാമൂഹികമായ ഒറ്റപ്പെടൽ ലഘൂകരിക്കുകയും മാനസികആരോഗ്യം മെച്ചപ്പെടുത്തുകയുമാണ് പദ്ധതി ലക്ഷ്യം. ഇവർക്ക് ഒന്നിച്ചിരുന്ന് കഥകൾ പറയാനും എഴുതാനും കളിക്കാനും വായിക്കാനും സൗകര്യങ്ങൾ ഒരുക്കുകയും പദ്ധതി പ്രവർത്തനത്തിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

വിവിധപ്രൊജക്റ്റുകളിലായി മെഡിക്കൽ ഓഫീസർ മേൽ പദ്ധതിക്കായി 31.03.19 വരെ ചെലവഴിച്ച തുകയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | പേരും നമ്പറും | വകയിരുത്തിയതുക | ചെലവ് | റിമാർക്സ് |
|---|---|---|---|---|
| 1 | പകൽ വീട് S/O 238/19 | 580,000/-<br>വി.ഫണ്ട് | 453540/-(Bill 98700/22.03.19) | ജിം ഉപകരണങ്ങൾ |
| 2 | പകൽ വീട് 94/19 | 2,00,000/-വി.ഫണ്ട്<br>1,00,000/-തനത് | 1,00,000/-(Bill 2438/15.10.18)<br>60,000/-(Bill 8492/11.01.19) | വാടക<br>വാടക<br>കളിയുപകരണങ്ങൾ |

| | | | | |
|---|---|---|---|---|
| | | | 4826/-(Bill 8888/25.2.19) | |
| 3 | പകൽ വീട് 391/19 | 1,10,000/-വി.ഫണ്ട് | 1,10,000/-( Bill7450/29.03.19) | ജീവനക്കാർക്കുള്ള വേതനം,വാടക |
| | | ആകെ | 7,28,366/- | |

നെല്ലിക്കാപറമ്പിൽ ശ്രീ ഗോശാലക്കൽ അബ്ദുൾഅക്ബർ എന്നവരുടെ ഉടമസ്ഥതയിലുള്ള KP/13/264 നമ്പർ വീട്ടിൽ, പ്രതിമാസം 20000/-വാടകക്ക് പ്രവർത്തിക്കുന്ന ലജന്റ് ക്ലബ്ബ് എന്ന പകൽവീട്ടിൽ ഒരു കെയർടേക്കറും ഒരു ശുചീകരണതൊഴിലാളിയുമുൾപ്പെടെ രണ്ട് ജീവനക്കാരാണുള്ളത്. വാടകയും ജീവനക്കാരുടെ ഓണറേറിയവമുൾപ്പെടെ പ്രതിമാസം 35,000/-രൂപ പദ്ധതിയ്ക്ക് ചെലവുണ്ട്.

14.02.2018ലെ കൈ.22/2018നമ്പർ ഉത്തരവ് ഖണ്ഡിക 7.1.13പ്രകാരം പകൽവീട്ടിൽ നിയമിക്കുന്ന ജീവനക്കാർക്ക് 7000/-രൂപയിൽ അധികരിക്കാതെയാണ് വേതനം നൽകേണ്ടത്.എന്നാൽ കെയർടേക്കർക്ക് പ്രതിമാസം 8000/-രൂപ നൽകി വരുന്നുണ്ട്. കെയർടേക്കർക്ക് 31.03.2019വരെ അധികം നൽകിയ 3000/-രൂപ തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കേണ്ടതാണ്. അതിനുശേഷം അധികതുക നൽകിയിട്ടുണ്ടെങ്കിൽ തിരിച്ചുപിടിക്കേണ്ടതും തുടർന്ന് മാർഗ്ഗരേഖപ്രകാരമുള്ള വേതനം മാത്രം നൽകേണ്ടതുമാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | | നമ്പർ.കെ.എസ്.എ.കെ.കെ.ഡി. ഇ2/887/19( ) തി. 27-07-19 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 44000 | നെൽക്കൃഷി വികസനം കൂലി ചെലവ് | 44000 | 0 |
| | | 100000 | മിൽക്ക് ഇൻസന്റീവ് | 100000 | 0 |
| | | 2000000 | അറവ്ശാല | 0 | 200000 |
| | | 849904 | ലൈഫ് ഭവന നിർമാണം-ജനറൽ | 507836 | 342068 |
| | | 400000 | ബിൽഡിംഗ് മെറ്റീരിയൽ | 0 | 400000 |

| | | | | | |
|---|---|---|---|---|---|
| | | | പ്രൊഡക്ഷൻ യൂണിറ്റ് | | |
| | | 375000 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 374900 | 100 |
| ബ്ലോക്ക് പഞ്ചായത്ത് | | 48000 | നെൽക്കൃഷി വികസനം | 40000 | 8000 |
| | | 375000 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 374800 | 200 |
| | | 500000 | മിൽക്ക് ഇൻസന്റീവ് | 500000 | 0 |
| | | 500000 | മിനിസ്റ്റേഡിയം പവലിയൻ | 0 | 500000 |
| | | 389676 | ലൈഫ് | 389676 | 0 |
| | | 500000 | ക്രിമറ്റോറിയം ഇംപ്രൂവ്മെൻഡ് | 0 | 500000 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റേയും ബാക്കി തുകയുടേയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| 1.പി.ഡബ്ലിയു.ഡി | അങ്കണവാടി നിർമ്മാണം | 1160000 | - | ക്യൂ ബിൽ |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 500000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 500000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 500000 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | FD 100541807580003 | ലഭ്യമല്ല | - | 250000 | തിരുവമ്പാടി |
| 2 | FD 100361807520081 | ലഭ്യമല്ല | - | 250000 | മുക്കം |

| | | |
|---|---|---|
| ആകെ | 500000 | |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1715/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നം/ തിയ്യതി |
|---|---|---|---|---|
| | | 1715 | സരോജനി.പി,വി | 118010100545,21/5/18 |

## 4-7 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ ലഭിച്ചതിന്റെയും, തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നതിന്റെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഭവന നിർമ്മാണം | ജി.ഒ. എം എസ് നം 68/2018 ത.സ്വ ഭ വ തിയതി 18-05-2018 | 40000 | 28932251 | 0 | 4245026 | 28932251 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | റിമാർക്സ് |
|---|---|---|---|---|---|
| 2000-01 | 31 | 2003-04 | മറ്റ് പരാമർശങ്ങൾ | തെരുവു വിളക്ക് സ്ഥാപിക്കൽ | |
| 2001-02 | 3.2 | 2005-06 | 2.70.1.8.1.73 | കുടിവെള്ള പദ്ധതികൾ ഗ്രാമ പഞ്ചായത്തുകൾക്ക് ബാധ്യതയാകുന്നു | ഒഴിവാക്കാൻ ശുപാർശ |
| 2001-02 | 3.7 | 2005-06 | 2.70.1.9.6.73 | കർഷക തൊഴിലാളി പെൻഷൻ കാലതാമസം 2001-02 ൽ ലഭിച്ച100 ഓളം അപേക്ഷകൾ ഒരു വർഷത്തിനു ശേഷമാണ് തീർപ്പാക്കിയത്. | ഒഴിവാക്കാൻ ശുപാർശ |

| | | | | | |
|---|---|---|---|---|---|
| 2001-02 | 2 | 2005-06 | 2.70.14.12.80 | നികുതി പിരിക്കുന്നതിലെ അലംഭാവം | ഒഴിവാക്കാൻ ശുപാർശ |
| 2003-04 | 2.1 | 2006-07 | 3.79.1.22.100 | ഗ്രാമ പഞ്ചായത്ത്-കെട്ടിട നികതി , തൊഴിൽ നികുതി, തനതു വരവ് യഥാസമയം പിരിച്ചെടുക്കാത്തതിനാൽ കാലഹരണപ്പെട്ടു.<br>1) കെട്ടിട നികുതി 89298.00<br>2) തൊഴിൽ നികുതി ---<br>3) ലൈസൻസ് 4443.00<br>മറ്റിനം 93741.00 (1995-96 മുതൽ 2000-01 വരെ) | |
| 2002-03 | 3.26 | 2006-07 | 3.79.3.11.102 | രജിസ്റ്ററുകളുടെ സൂക്ഷിപ്പ് അപാകതകൾ നൽകി | |
| 2003-04 | 2.3 | 2006-07 | 3.79.4 .103 | പുതിയ അക്കൗണ്ടിംഗ് സമ്പ്രദായം -കാഷ് ബുക്കും മറ്റും ശരിയാം വിധം എഴുതുന്നില്ല. | |
| 2003-04 | 3.6 | 2006-07 | 3.79.6 .105 | മണൽ വിൽപ്പന റിവർ മാനേജ്മെന്റ് ഫണ്ട് അടച്ചതിന് ക്യാഷ് രശീതി നൽകുന്നില്ല. | |
| 2003-04 | 3.10 | 2006-07 | 3.79.11.2.108 | കന്നുകുട്ടി പരിപാലനം അപാകതകൾ | |
| | | 2013-14 | 5.1.5.2.58 | ജലസ്രോതസുകൾ മാലിന്യ കൂമ്പാരം | |
| 2014-15 | 3.19 | 2016-17 | 6-93 | ആശ്രയ | |
| 2015-16 | 2.2 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി അപാകതകൾ | |

## 4-9 ചാർജ് സർചാർജ് നടപടികളിലൂടെ തുകകൾ ഈടാക്കിയതിന്റെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 89433224 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 80183624 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 3000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1191505 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 3000 | ഡോ. എൻ. മനലാൽ മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

**സി) ഓഡിറ്റിൽ തടസ്സപെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-10 | 725366 | ഡോ എൻ മനലാൽ,മെഡിക്കൽ ഓഫീസർ ,പി എച്ച് സി |
| 1-17 | 34923 | മുഹമ്മദ് അഷ്റഫ്.വൈ.പി,സെക്രട്ടറി |
| 1-18 | 174966 | ഡോ എൻ മനലാൽ,മെഡിക്കൽ ഓഫീസർ ,പി എച്ച് സി |
| 1-20 | 156250 | ശ്രീ.ജോഷി ജോസ്,അസിസ്റ്റന്റ് സെക്രട്ടറി |
| 1-28 | 100000 | ഡോ. സത്യവതി ,മെഡിക്കൽ ഓഫീസർ, ആയുർവേദം/ |

**(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | സ്ഥിരം മേൽവിലാസം |
|---|---|
| ഡോ എൻ മനലാൽ, | തേവർകണ്ടി വീട്, |

| | |
|---|---|
| മെഡിക്കൽ ഓഫീസർ , പി എച്ച് സി | തിക്കോടി പി ഒ,<br>കോഴിക്കോട് 673529 |
| മുഹമ്മദ് അഷ്റഫ്.വൈ.പി,<br>സെക്രട്ടറി | യാക്കിപ്പറമ്പൻ,വടക്കുംമുറി<br>ഊർങ്ങാട്ടിരി പിഒ,മലപ്പുറം<br>673639 |
| ശ്രീ.ജോഷി ജോസ്,അസിസ്റ്റന്റ് സെക്രട്ടറി | ചെറുവത്തൂർ ഹൗസ്, കിഴക്കേ പരമ്പത്ത്,<br>കോവൂർ |
| ഡോ. ഡോ. സത്യവതി,<br>മെഡിക്കൽ ഓഫീസർ, ആയുർവേദം | വെള്ളാരം കുടിയിൽ,<br>മണാശ്ശേരി-673602 |

## 4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ ഖണ്ഡികകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് വകുപ്പിൽ നിന്ന് അവസാനം പുറപ്പെടുവിച്ച കത്തിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് |
|---|---|---|---|
| 1997-98 | എൽ.എഫ്.എ.കെ.കെ.ഡി.പി3/ 1482/13(2) | 2 | 35, 45 |
| 1999-2000 | എൽ.എഫ്.എ.കെ.കെ.ഡി.പി3/ 194/10 തി. 18.3.2010 | 1 | 40 |
| 2000-01 | എൽ.എഫ്.എ.കെ.കെ.ഡി.പി3/ 1482/13(2) | 1 | 32, 35 |
| 2001-02 | എൽ.എഫ്.എ.കെ.കെ.ഡി.പി3/ 1482/13(3) | 3 | 3-3, 3-4, 3-5 |
| 2002-03 | എൽ.എഫ്.എ.കെ.കെ.ഡി.പി3/ 1482/13(4) | 1 | 3-21 |
| 2003-04 | എൽ.എഫ്.എ.കെ.കെ.ഡി.പി3/ 1482/13(5) | 1 | 3-6 |
| 2008-09 | എൽ.എഫ്.എ.കെ.കെ.ഡി.പി3/ 987/13 തി25.4.13 | 16 | 1-1, 1-3, 2-1(1) മുതൽ 13 വരെ, 2-2, 2-3(12), 2-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 4-2, 4-3, 4-6 (ഇ), 4-7 |
| 2009-10 | എൽ.എഫ്.എ.കെ.കെ.ഡി.പി3/ 1552/14(2) | 28 | 1-1,1-3,1-4,2-1, 2-3,2-7,2-8, 2-11, 2-12,2-14,3-1,3-3,3-5, |

| | | | |
|---|---|---|---|
| | | | 3-6,3-7,3-8,3-9.3-10,3-15, 3-15,3-16,3-17,3-19,3-20, 3-22,3-23,4-2,4-3 |
| 2010-11 | എൽ.എഫ്.എ.കെ.കെ.ഡി.പി3/ 1222/13 തി. 10.10.2013 | 19 | 1-1, 1-3, 2-2, 2-3, 2-4, 2-5,(2), 3-1, 3-3, 3-4, 3-5,3-6, 3-7, 3-8, 3-9, 3-10,3-11, 3-15, 3-17, 3-18 |
| 2011-12 2012-13 | കെ.എസ്.എ.കെ.കെ.ഡി പി3/ 246/16 തി 15.03.16 | 31 | 3-9(6),3-10)6) |
| 2013-14 2014-15 | കെ.എസ്.എ.കെ.കെ.ഡി പി3/ 421/2016 തി 04.05.2016 | 26 | 2-1,2-2,2-3,2-4, 3-1,3-2,3-3,3-4,3-7,3-8, 3-9,3-10,3-11,3-12,3-13, 3-14,3-15,3-16,3-17, 3-18,3-19,3-20,3-21, 3-22 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി പി3/ 2179/2016 തി 06.06.2017 | 16 | 2-1, 2-2, 2-3, 2-4, 2-5, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി പി3/ 1693/2017 തി 31.10.2017 | 27 | 2-1,2-2,2-3,2-4,2-5, 2-6,2-7,3-2,3-3, 3-4,3-5,3-6,3-9,3-10,3-11, 3-12,3-13,3-14,3-15,3-17, 3-23, 3-24,3-25, 3-27,3-28,3-29,4-9 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി പി3/ 1548/2019 തി 31..10.2019 | 36 | 1-10,2-1(1)(2),2-2, 2-3,2-4,2-5,2-6,3-1,3-2, 3-3,3-4,3-5,3-6,3-7,3-8,3-9, 3-10,3-12,3-13,,3-14, 3-15,3-16,3-17, 3-18,3-19,3-20, 3-21,3-24,3-25,3-26, 3-27,3-28,3-29 |

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്**

## <u>അനുബന്ധം-1</u>

നം:കെ.എസ്.എ.കെ.കെ.ഡി.പി.1/ 264 /2020 തിയതി:10.03.2020

# ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ) 1413/ 2018/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **കാരശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ 2018-19** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ **2018-19** ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**

**ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്.**